I.ഇ.ബി. XII കേരള നിയമസഭ/X-4

**പന്ത്രണ്ടാം കേരള നിയമസഭ**

പത്താം സമ്മേളനം

**നിയമസഭാ നടപടികൾ-സംഗ്രഹം**

(ചോദ്യോത്തരങ്ങൾ ഒഴികെ)

2009 ഫെബ്രുവരി 18, ബുധൻ

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ.കെ.രാധാകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

(8.30 മുതൽ 9.30 വരെ ചോദ്യോത്തര സമയം)

**അടിയന്തിരപ്രമേയം**

വിഴിഞ്ഞം തുറമുഖ നിർമ്മാണ കരാറിലെ ക്രമക്കേടുകൾ

മി. സ്പീക്കർ : സുപ്രീംകോടതി വിധിയെത്തുടർന്ന് വിഴിഞ്ഞം തുറമുഖ നിർമ്മാണ കരാറുമായി ബന്ധപ്പെട്ടു നടന്ന ക്രമക്കേടുകൾ പുറത്തു വന്നിരിക്കുകയാണെന്നും ഏറ്റവും കുറഞ്ഞ റേറ്റിൽ ടെണ്ടർ കൊടുത്ത കമ്പനിയെ ഒഴിവാക്കാൻ നടത്തിയ ശ്രമങ്ങളെ തുടർന്നും നിരന്തരമായ വ്യവഹാരങ്ങളെ തുടർന്നുമുണ്ടായ കാലതാമസംമൂലം സംസ്ഥാനത്തിന്റെ വികസനത്തിനുതകുന്ന ഈ പദ്ധതിയുടെ ഭാവിതന്നെ അപകടത്തിലായിരിക്കുന്നുവെന്ന് പറയപ്പെടുന്ന ഗുരുതരമായ സ്ഥിതിവിശേഷത്തെപ്പറ്റി സഭാ നടപടികൾ നിറുത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ടുകൊണ്ട് സർവ്വശ്രീ വി. ഡി. സതീശൻ, കെ. കുട്ടി അഹമ്മദ് കുട്ടി, ജോസഫ് എം. പുതുശ്ശേരി,

കെ. ബി. ഗണേഷ്കുമാർ, കെ. കെ. ഷാജു എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ റൂൾ 50 അനുസരിച്ച് നോട്ടീസ് നൽകിയിട്ടുണ്ട്.

നിയമവും പാർലമെന്ററികാര്യവും സ്പോർട്ട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി (ശ്രീ. എം. വിജയകുമാർ) : വസ്തുതകൾ മനസ്സിലാക്കാതെയുള്ള കാര്യങ്ങളാണ് അടിയന്തിര പ്രമേയാവതരണ നോട്ടീസിൽ പറഞ്ഞിട്ടുള്ളത്. ഏറ്റവും കുറഞ്ഞ ടെണ്ടർ സമർപ്പിച്ച കമ്പനിയെ ഒഴിവാക്കിയെന്നാണ് ആരോപണം. ഏറ്റവും കുറഞ്ഞ ടെണ്ടർ ക്വാട്ട് ചെയ്ത കമ്പനിയേതാണെന്ന് പരിശോധിക്കാൻ സുപ്രീംകോടതി 15 ദിവസത്തെ സമയം തന്നിട്ടുണ്ട്. അതിനുശേഷം ഇതുസംബന്ധിച്ച് ചർച്ച ചെയ്യുന്നതിന് ഗവൺമെന്റിന് വിരോധമില്ല. 1905-ൽ മഹാരാജാവ് ഓർഡർ ഇറക്കിയ വിഴിഞ്ഞം തുറമുഖ നിർമ്മാണം യാഥാർത്ഥ്യമായാൽ ഇത് ഏഷ്യയിലെ മദർ പോർട്ടും ലോകത്തിലെത്തന്നെ ഒന്നാമത്തെ പോർട്ടും ആയിത്തീരും. ബി.ഒ.ടി. അടിസ്ഥാനത്തിൽ നിർമ്മിക്കുന്ന ഈ പദ്ധതി 30 വർഷം കഴിഞ്ഞാൽ കേരളത്തിന്റെ സ്വന്തമാകും. വിഴിഞ്ഞം പദ്ധതി. പ്രാവർത്തികമാക്കുന്നത് തടയാനുള്ള ഗൂഢതന്ത്രമാണ് ഇന്റർനാഷണൽ തുറമുഖ ലോബികൾ നടത്തുന്നത്. മുഖ്യമന്ത്രിയും പ്രതിപക്ഷ നേതാവും ചേർന്ന് സൂം ഡെവലപ്പേഴ്സിനുവേണ്ടി സെക്യൂരിറ്റി ക്ലീയറൻസിനായി കേന്ദ്ര ഗവൺമെന്റിനെ സമീപിച്ചുവെങ്കിലും ലഭിച്ചില്ല. ഈ പദ്ധതി യാഥാർത്ഥ്യമാക്കുന്നതിനുവേണ്ടി ആവശ്യമെങ്കിൽ ഇനിയും സർവ്വകക്ഷി യോഗം വിളിച്ചുചേർക്കുന്നതിന് വിരോധമില്ല. ഈ പദ്ധതിക്കുവേണ്ടി ഗവൺമെന്റ് ഗ്ലോബൽ ടെണ്ടർ വിളിച്ചപ്പോൾ നല്ല പ്രതികരണമാണുണ്ടായത്. ടെണ്ടർ കമ്മിറ്റിയും ആർ.എഫ്.പി. ഡോക്യുമെന്റും എല്ലാം യു.ഡി.എഫ് ഗവൺമെന്റ് തുടർന്നുവന്ന അതേ മാതൃകയിലാണ് ചെയ്തത്. ചീഫ് സെക്രട്ടറി ചെയർമാനായുള്ള ബിഡ് ഇവാല്യുവേ

ഷൻ കമ്മിറ്റി പരിശോധിച്ചതുമാണ്. രേഖകൾ പരിശോധിച്ചപ്പോൾ രണ്ട് കമ്പനികൾ സമർപ്പിച്ച ടെണ്ടറുകളിൽ ഡിഫക്ട് ഉണ്ടായിരുന്നതായി കണ്ടു. അത് നിശ്ചിത സമയത്തിനുള്ളിൽ പരിഹരിക്കാൻ കഴിയാത്തതിനാൽ ആ രണ്ട് കമ്പനികളേയും നോൺ-റെസ്പോൺസീവായി പ്രഖ്യാപിച്ചു. മറ്റ് മൂന്ന് കമ്പനികളുടെ ഫിനാൻഷ്യൽ ബിഡ് പരിശോധിച്ചതിൽ 115 കോടി രൂപ സർക്കാരിന് ലഭിക്കുന്ന നെഗറ്റീവ് ബിഡ് അംഗീകരിച്ചപ്പോൾ സൂം ഡെവല പ്പേഴ്സ് കേസ് കൊടുത്തു. ഹൈക്കോടതി ആ കേസ് തള്ളുകയും ബിഡ് ഇവാല്യുവേഷൻ കമ്മിറ്റി തീരുമാനം ശരിവയ്ക്കുകയും ചെയ്തു. വീണ്ടും ഡിവിഷൻ ബെഞ്ചിലേയ്ക്ക് അപ്പീൽ പോയി. അഞ്ചുമാസത്തിനുശേഷം വിധി വന്നപ്പോൾ സൂം ഡെവലപ്പേഴ്സിനെ റെസ്പോൺസീവായി പ്രഖ്യാപിച്ചു. സർക്കാർ തെരഞ്ഞെടുത്ത കൺസോർഷ്യത്തിന് ലെറ്റർ ഓഫ് ഇൻഡന്റ് കൊടുത്ത സാഹചര്യത്തിൽ തുടർനടപടികൾക്കായി അപ്പീൽ പോകാതെ വേറെ മാർഗ്ഗമൊന്നുമില്ലെന്ന നിയമോപദേശത്തിന്റെ അടിസ്ഥാന ത്തിലാണ് അപ്പീൽ പോയത്. കരാർ കിട്ടിയ ലാൻകോ കമ്പനിയും അപ്പീൽ പോയി. വിധി സമ്പാദിക്കാൻ 68 ദിവസം മാത്രമാണ് എടുത്തത്. നിയമ വകുപ്പുസെക്രട്ടറിയുടെ ഉപദേശം ശരിയാണെങ്കിലും നടപടിയിൽ ഡിഫക്ട് ഉണ്ടെന്നുള്ളതാണ് കോടതി വിധി. പക്ഷേ അത് കോടതിക്കോ കമ്മിറ്റിക്കോ പരിഹരിക്കാവുന്നതാണ്. ആർ.എഫ്.പി. ഡോക്യുമെന്റിൽ പറയുന്നതല്ലാതെ ഒരിഞ്ച് സ്ഥലംപോലും വേണമെന്ന് ലാൻകോ കമ്പനി പറഞ്ഞിട്ടില്ല. ഒരു ലക്ഷം ആളുകൾക്ക് തൊഴിൽ നൽകുമെന്നും പറയുന്നണ്ട്. ഈ പദ്ധതിയു മായി ബന്ധപ്പെട്ട് സർക്കാരിന് യാതൊരു മുൻവിധിയുമില്ല. ഈ വിഷയം സഭാനടപടികൾ നിറുത്തിവച്ച് ചർച്ച ചെയ്യേണ്ട കാര്യമില്ല.

ശ്രീ.വി.ഡി. സതീശൻ: 4-12-2008-നാണ് സർക്കാരിന്റെ പൊതുഖജനാവിലേയ്ക്ക് 332 കോടി രൂപ കൂടുതൽ കിട്ടുന്ന ഹൈക്കോടതി ഡിവിഷൻ ബെഞ്ച് ഉത്തരവ് വരുന്നത്. ആ വിധി സ്വീകരിച്ച് അപ്പീൽ പോകാതെ മുന്നോട്ട് പോകണമെന്ന അഭിപ്രായം മറികടന്ന് ഗവൺമെന്റ് റിവ്യൂ ഹർജി ഡിവിഷൻ ബെഞ്ചിന് കൊടുക്കുകയും അത് നിരസിച്ചപ്പോൾ വീണ്ടും സുപ്രീംകോടതിയെ സമീപിക്കുകയും ചെയ്തു. ഹൈക്കോടതി ഡിവിഷൻ ബഞ്ചിന്റെ വിധി 15 ദിവസത്തിനുള്ളിൽ സൂം ഡെവലപ്പേഴ്സിന്റെ ടെണ്ടർ പരിശോധിക്കണമെന്നാണ്. അവർ ഹൈക്കോടതി ഡിവിഷൻ ബെഞ്ചിൽ കൗണ്ടർ അഫിഡവിറ്റ് ഫയൽ ചെയ്തപ്പോൾ അവരുടേത് നെഗറ്റീവ് പ്രൊപ്പോസൽ ആണെന്ന് അറിയാൻ സാധിച്ചു. പിന്നീട് അഡ്വക്കേറ്റ് ജനറലിന്റെ ഉപദേശം സ്വീകരിച്ച് സർക്കാർ സുപ്രീംകോടതിയിൽ പോയി. സുപ്രീം കോടതി 15-ദിവസത്തിനുള്ളിൽ ടെണ്ടർ പരിശോധിക്കണമെന്ന് പറഞ്ഞു. സർക്കാർ അഭിഭാഷകൻ കൂടുതൽ സമയം ചോദിച്ചതിനെത്തുടർന്ന് വീണ്ടും നടപടിക്രമങ്ങൾ നീണ്ടുപോയി. ഈ പദ്ധതി നടപ്പിലാക്കാൻ തീരുമാനിച്ചപ്പോൾ ഐ.എൽ.ആന്റ്.എഫ്.എസ് എന്ന കമ്പനിയെ പ്രോജക്ട് അഡ്വൈസറായി നിയമിച്ചു. കമ്പനികൾ അപേക്ഷിക്കുമ്പോൾ തന്നെ ആർ.എഫ്.പി.അനുസരിച്ച് കമ്പനികൾക്ക് കറക്ഷന് സമയം നൽകി. അപ്പോൾ സൂം ഡെപലപ്പേഴ്സ് അടക്കം എല്ലാ കമ്പനികളുടേയും ഡോക്യുമെന്റ്സ് കറക്റ്റാണെന്ന് മനസ്സിലായി. പക്ഷേ നിയമ വകുപ്പുസെക്രട്ടറി നൽകിയ ഓഫ് ദി റിക്കോർഡ് നിയമോപദേശം സ്വീകരിച്ച് സൂമിനെ ഇതിൽ നിന്നും പുറത്താക്കാൻ ശ്രമിച്ചു. സൂമിനെ ഒഴിവാക്കി ലാൻകോയ്ക്ക് കൊടുക്കാനുള്ള ഗൂഢാലോചന എല്ലായിടത്തും ഉണ്ടായിട്ടുണ്ട്. വിഴിഞ്ഞം

പദ്ധതിയിൽ സർക്കാരിന്റെ ഭാഗത്തുനിന്നും മന:പൂർവ്വമുള്ള ക്രമക്കേടാണ് ഉണ്ടായിട്ടുള്ളത്. അതുകൊണ്ടാണ് കാലതാമസം വന്നത്. കിറ്റ്കോ 162 ഹെക്ടർ സ്ഥലം മാത്രമാണ് ആവശ്യപ്പെട്ടിരുന്നത്. അതിനുപകരം ഗവൺമെന്റ് 2687 ഏക്കർ സ്ഥലമാണ് എടുത്തത്. മുഖ്യമന്ത്രിയും നിയമ വകുപ്പുമന്ത്രിയും സ്ഥലമെടുപ്പിനെ പിന്താങ്ങിയെങ്കിലും ജനങ്ങൾ സംഘടിച്ചപ്പോഴാണ് പിന്മാറിയത്. ഡോക്യൂമെന്റിൽ പറഞ്ഞതിന് വിരുദ്ധമായി സൂം ഡെപലപ്പേഴ്സിനെ റിജക്ട് ചെയ്തു. തുടക്കം മുതൽ ഏത് കമ്പനിക്ക് കൊടുക്കണമെന്ന ഗൂഢാലോചന എല്ലാ ഭാഗത്തുനിന്നും ഉണ്ടായിട്ടുണ്ട്. സർക്കാരിന് 332 കോടി രൂപ നഷ്ടം വരുന്നതും ആ പ്രദേശത്തെ ജനങ്ങളെ കുടിയൊഴിപ്പിക്കുന്നതുമായ നടപടിക്ക് കൂട്ടുനിന്നതിനെക്കുറിച്ച് ഗൗരവതരമായി അന്വേഷണം നടത്തണം. വളരെ ഗുരുതരമായ ഈ പ്രശ്നം സഭാനടപടികൾ നിറുത്തി വച്ച് ചർച്ച ചെയ്യണം.

നിയമവും പാർലമെന്ററികാര്യവും സ്പോർട്ട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി (ശ്രീ. എം. വിജയകുമാർ) : ലാൻകോ കമ്പനിക്ക് ടെണ്ടർ കൊടുക്കാൻവേണ്ടി സൂം ഡെവലപ്പേഴ്സിനെ ഒഴിവാക്കി, അപ്പീലിൽ കാലതാമസം വരുത്തി, ഖജനാവ് ചോർത്തി, ക്രമക്കേട് നടത്തി എന്നൊക്കെ സർക്കാരിനെതിരെ വിമർശനങ്ങൾ ഉന്നയിച്ചെങ്കിലും അഴിമതി ആരോപണമുണ്ടായിട്ടില്ല. സിംഗിൾ ബെഞ്ചിന്റെ വിധിയെത്തുടർന്ന് ലെറ്റർ ഓഫ് ഇൻഡന്റ് കൊടുത്തപ്പോൾ കമ്പനി കേസിന് പോയി. അഡ്വക്കേറ്റ് ജനറലിന്റെ ഉപദേശം സ്വീകരിച്ചുകൊണ്ടാണ് സർക്കാർ അതിനെതിരെ അപ്പീൽ പോയത്. റിവിഷൻ പെറ്റിഷൻ കൊടുത്തത് അഡ്വക്കേറ്റ് ജനറലിന് കാര്യങ്ങൾ പറയാൻ വേണ്ടിയാണ്. അതിനുവേണ്ടി ചെലവായ 4 ലക്ഷം

രൂപയിൽ 2 ലക്ഷംരൂപ മാത്രമാണ് സർക്കാർ കൊടുത്തത്. സുപ്രീം കോടതി വിധി സർക്കാർ അംഗീകരിക്കുകയാണ്. ലാ സെക്രട്ടറിയുടെ അഫിഡവിറ്റിലെ അപ്രധാനകാര്യങ്ങൾക്കാണ് പ്രതിപക്ഷം ഊന്നൽ നൽകുന്നത്. ലാ സെക്രട്ടറി സ്പെഷ്യൽ ഇൻവൈറ്റിയായി രണ്ട് തവണ കമ്മിറ്റിയിൽ ഹാജരായ രേഖ യുണ്ട്. കോടതി വിധിയുടെ ചില ഭാഗങ്ങൾ മാത്രം വായിച്ച് പുകമറ സൃഷ്ടി ക്കാനാണ് പ്രതിപക്ഷം ശ്രമിക്കുന്നത്. ലാൻകോ കമ്പനി 1088 ഏക്കർ സ്ഥല മാണ് ആവശ്യപ്പെട്ടത്. സൂം ഡെവലപ്പേഴ്സ് ആവശ്യപ്പെട്ടത് 2500 ഏക്കർ സ്ഥലമാണ്. 2005-ലെ യു.ഡി.എഫ്. സർക്കാരിന്റെ കാലത്താണ് സ്ഥലമെടു പ്പിന്റെ നടപടിക്രമങ്ങൾ ആരംഭിച്ചത്. യു.ഡി.എഫിന്റെ കാലത്ത് കിറ്റ്കോ യ്ക്ക് കൊടുത്ത പ്രൊപ്പോസൽ പിശകാണെന്ന് കണ്ടപ്പോൾ ഈ ഗവൺമെന്റ് അത് റദ്ദാക്കി. സീൽ ചെയ്ത് ട്രഷറിയിൽ സൂക്ഷിച്ചിരിക്കുന്ന സൂം ഡെവ ലപ്പേഴ്സിന്റെ ഫിനാൻഷ്യൽ ബിഡ്ഡിനെക്കുറിച്ചാണ് വിവാദമുന്നയിക്കുന്നത്. 2005-ലെ ടെണ്ടർ അംഗീകരിക്കാതെ 1120 കോടി രൂപ കേരളത്തിന് നഷ്ടപ്പെടു ത്തിയത് അന്നത്തെ യു.ഡി.എഫ്. സർക്കാരാണ്. ഈ വിഷയം സഭാനടപടി കൾ നിറുത്തിവച്ച് ചർച്ച ചെയ്യേണ്ട ആവശ്യമില്ല.

(അടിയന്തിര പ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു.)

(ഗവൺമെന്റിന്റെ നിലപാടിൽ പ്രതിഷേധിച്ച് സർവ്വശ്രീ. ഉമ്മൻ ചാണ്ടി, കെ.എം.മാണി, സി.ടി. അഹമ്മദ് അലി എന്നീ പ്രതിപക്ഷ കക്ഷി നേതാക്കൾ പ്രസ്താവന നടത്തിയശേഷം അവരവരുടെ പാർട്ടി അംഗങ്ങളോടൊപ്പം സഭയിൽനിന്ന് പുറത്തു പോകുകയും അൽപ്പ സമയത്തിനുശേഷം തിരിച്ചു വരികയും ചെയ്തു.)

**ശ്രദ്ധ ക്ഷണിക്കൽ**

(1) <u>പ്രവാസി മലയാളികളുടെ പുനരധിവാസത്തിന് പദ്ധതി</u>

<u>ശ്രീ. കെ.സി. വേണുഗോപാൽ:</u> അന്തർദേശീയ തലത്തിലുള്ള സാമ്പത്തിക മാന്ദ്യം സംസ്ഥാനത്തെ സമസ്ത മേഖലകളെയും ബാധിച്ചു കൊണ്ടിരിക്കുകയാണ്. കേരളംപോലുള്ള സംസ്ഥാനത്തിന്റെ സമ്പദ് ഘടന നിലനിറുത്തുന്നതിൽ വിദേശ മലയാളികൾക്ക് വലിയൊരു പങ്കുണ്ട്. ഏതാണ്ട് 35 ലക്ഷത്തിലധികം മലയാളികളാണ് ഗൾഫ് നാടുകളിലുള്ളത്. ഓരോ വർഷവും പതിനാലായിരം കോടി രൂപയോളം അവരിൽനിന്നും സംസ്ഥാനത്തിന് കിട്ടുന്നുണ്ട്. ആഗോള സാമ്പത്തിക പ്രതിസന്ധി തുടരുന്ന മുറയ്ക്ക് അവിടെയുള്ള പത്ത് ശതമാനത്തോളം പേർ തൊഴിൽ നഷ്ടപ്പെട്ട് കേരളത്തിലേയ്ക്ക് തിരിച്ചുവരുമെന്നാണ് കരുതുന്നത്. ഓരോ ദിവസവും 300-ഓളം പേരാണ് ഇവിടേയ്ക്ക് ഇപ്രകാരം തിരിച്ചുവരുന്നത്. ദുബായിലെ ഇൻഡ്യൻ സ്കൂളിൽ നിന്ന് 1800-ഓളം വിദ്യാർത്ഥികൾ കഴിഞ്ഞ മാസം ടി.സി. വാങ്ങി തിരിച്ചു വന്നിരിക്കുകയാണ്. കൺസ്ട്രക്ഷൻ മേഖലയിലും സാമ്പത്തിക ഞെരുക്കം ബാധിച്ചു. കുട്ടികളുടെ വിദ്യാഭ്യാസ കാര്യവുമായി ബന്ധപ്പെട്ട് മാർച്ച് മാസംവരെ കുറെ ആളുകൾ അവിടെ പിടിച്ചു നിൽക്കുകയാണ്. അതുകഴിയുമ്പോൾ ഈ പ്രതിസന്ധി രൂക്ഷമാകും. ഗൾഫ് നാടുകളിൽ സി.ബി.എസ്.ഇ. സിലബസിൽ പഠിച്ചു വരുന്ന കുട്ടികൾക്ക് പഠന സൗകര്യം ഏർപ്പെടുത്തണം. നോർക്ക സെല്ലിന്റെ പ്രവർത്തനം കാര്യക്ഷമമാക്കണം. തിരിച്ചുവരുന്ന വിദേശ മലയാളികളുടെ പുനരധിവാസം, അവരുടെ കുട്ടികളുടെ വിദ്യാഭ്യാസം എന്നിവയ്ക്കുവേണ്ടി സമഗ്രമായ ഒരു പാക്കേജ് തയ്യാറാക്കുകയും ഇതിനാവശ്യമായ സഹായം കേന്ദ്രത്തിൽ

നിന്നും നേടിയെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്യണം. പ്രതിസന്ധി തീരുന്നതുവരെയെങ്കിലും ജോലി നഷ്ടപ്പെട്ട് തിരിച്ചു വരുന്ന വിദേശ മലയാളികളുടെ ബാങ്ക് വായ്പയ്ക്ക് മൊറട്ടോറിയം പ്രഖ്യാപിക്കാനുള്ള നടപടികൾ സ്വീകരിക്കണം.

ധനകാര്യ വകുപ്പുമന്ത്രി (<u>ഡോ. തോമസ് ഐസക്):</u> ആഗോള സാമ്പത്തിക മാന്ദ്യം തുടങ്ങിയ സമയത്ത് ഗൾഫ് രാജ്യങ്ങളെ ഇത് ബാധിക്കില്ലെന്നായിരുന്നു പ്രതീക്ഷിച്ചിരുന്നത്. എന്നാൽ മറിച്ചാണ് സംഭവിച്ചത്. മാന്ദ്യത്തിന്റെ രൂക്ഷത വിവിധ ഗൾഫ് നാടുകളിൽ വ്യത്യസ്തമാണ്. ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്ന നിർമ്മാണ പ്രോജക്ടുകളിൽ 45 ശതമാനത്തോളം തുകയ്ക്കുള്ള പ്രവർത്തനങ്ങൾ നിർത്തി വച്ചിരിക്കുന്നതുമൂലം തൊഴിലാളികൾക്ക് തൊഴിൽ കുറഞ്ഞുവരികയാണ്. കേരളത്തിലെ തൊഴിലാളികൾ കൺസ്ട്രക്ഷൻ മേഖലയിൽ നിന്നും സർവ്വീസ് മേഖലയിലേയ്ക്ക് മാറിത്തുടങ്ങിയിരിക്കുകയാണ്. സാമ്പത്തിക മാന്ദ്യം രൂക്ഷമായ ഗൾഫിൽനിന്നും ജൂൺ മാസത്തിനുള്ളിൽ അഞ്ച് ലക്ഷത്തോളം ആളുകൾ തിരിച്ചുവരുമെന്നാണ് കരുതുന്നത്. കേന്ദ്ര സർക്കാരാണ് ഇതിന് യഥാർത്ഥ പ്രതിവിധി കാണേണ്ടത്. കേരളത്തിൽ നിന്ന് ഗൾഫ് നാടുകളിലേയ്ക്ക് പോയവർ എമിഗ്രേഷൻ ഡെപ്പോസിറ്റായി കൊടുത്ത രണ്ടായിരം കോടി രൂപയെങ്കിലും കേന്ദ്ര സർക്കാരിന്റെ പക്കലുണ്ട്. കേന്ദ്ര സർക്കാർ ഒരു കോർപ്പസ് ഫണ്ട് രൂപീകരിച്ച് കേരളത്തിന്റെ പക്കലുള്ള വെൽഫെയർ ഫണ്ടുമായി സംയോജിപ്പിച്ച് ഗൾഫ് മലയാളികളുടെ പുനരധിവാസ പ്രവർത്തനങ്ങൾ നടത്തുന്നതിന് നടപടികൾ സ്വീകരിക്കണമെന്ന് ഒരുമിച്ച് ആവശ്യപ്പെടാം. സംരംഭകർ, നാട്ടിൽ സമ്പാദ്യം ഉള്ള ഇടത്തരക്കാർ, രണ്ടു വർഷംപോലും

തികയാതെ തിരിച്ചുവരുന്നവർ എന്നിവരുടെ കാര്യത്തിൽ പ്രത്യേകമായ സമീപനം സ്വീകരിക്കേണ്ടതുണ്ട്. ബഡ്ജറ്റ് അവതരിപ്പിക്കുമ്പോൾ ഇതു സംബന്ധിച്ച നിലപാട് വ്യക്തമാക്കുന്നതാണ്.

(2) ജീവൻരക്ഷാമരുന്നുകൾ

ശ്രീ. വി. എസ്. സുനിൽ കുമാർ : മരുന്നിന്റെ വില്പന വിലയും കമ്പനി വിലയും എം. ആർ. പി. യും തമ്മിൽ വലിയ വ്യത്യാസമാണുള്ളത്. കേന്ദ്ര ഗവൺമെന്റിന്റെ ഔഷധവില നിയന്ത്രണ നിയമത്തിന്റെ ഷെഡ്യൂളിൽപ്പെട്ട മരുന്നുകളല്ലാതെ മറ്റൊരു മരുന്നും വിലനിയന്ത്രണ നിയമത്തിന്റെ പരിധിയിൽ വരുന്നില്ല. 1998-ൽ നിയമം കൊണ്ടുവരുമ്പോൾ 500 മരുന്നുകളാണ് ഷെഡ്യൂളിൽ ഉണ്ടായിരുന്നതെങ്കിൽ ഇപ്പോൾ ഏകദേശം 80 -ൽത്താഴെ മരുന്നുകളാണ് ഉള്ളത്. കിഡ്നിയേയും ഹൃദയത്തേയും ബാധിക്കുന്ന രേഗങ്ങളുടേയും കാൻസറിന്റേയം ചികിത്സാച്ചെലവ് വളരെ കൂടുതലാണ്. വളരെ വിലകൂടിയ മരുന്നുകളാണ് ഈ രോഗങ്ങൾക്ക് ഉപയോഗിക്കുന്നത്. ആ മരുന്നുകളൊന്നുംതന്നെ ഈ നിയമത്തിന്റെ ഷെഡ്യൂളിൽ വരാത്തതുകൊണ്ട് കമ്പനികൾ ഇഷ്ടംപോലെ വില വർദ്ധിപ്പിച്ചുകൊണ്ടിരിക്കുകയാണ്. ചില്ലറ വിൽപ്പനക്കാർക്ക് 20 ശതമാനവും മൊത്തവ്യാപാരിക്ക് പത്ത് ശതമാനവും ഡോക്ടർക്ക് ആ മരുന്നിന്റെ എം. ആർ. പി. റേറ്റിനനുസരിച്ചുള്ള പൈസയും കമ്പനി കമ്മീഷനായി കൊടുത്തുകൊണ്ടിരിക്കുകയാണ്. ഇത് ഒരു റാക്കറ്റ്പോലെ നമ്മുടെ രാജ്യത്ത് പ്രവർത്തിച്ചുകൊണ്ടിരിക്കുകയാണ്. 1995-ലെ നിയമത്തിന്റെ അടിസ്ഥാനത്തിൽ മരുന്നിന്റെ വില ഗണ്യമായി വർദ്ധിച്ചപ്പോൾ നീതി മെഡിക്കൽ സ്റ്റോറുകളും മാവേലി മെഡിക്കൽ സ്റ്റോറുകളും മുഖേന എം. ആർ. പി. റേറ്റിൽത്തന്നെ 20 ശതമാനം മുതൽ 40 ശതമാനംവരെ വില കുറച്ച് മരുന്ന് വിൽക്കാൻ കഴിഞ്ഞു. കേരള

മെഡിക്കൽ സർവ്വീസ് കോർപ്പറേഷൻ ലിമിറ്റഡ് എന്ന സ്ഥാപനം കാൻസറിനുള്ള ഏകദേശം 24 തരം മരുന്നുകൾ കമ്പനി വിലയ്ക്ക് വാങ്ങി രോഗികൾക്ക് സൗജന്യമായി കൊടുക്കുകയാണ്. മരുന്നുകൾ കോർപ്പറേഷൻതന്നെ നേരിട്ട് വാങ്ങി സംസ്ഥാനത്തെ അഞ്ച് മെഡിക്കൽ കോളേജ് ആശുപത്രികളിൽ ഔട്ട്ലെറ്റുകൾ ആരംഭിച്ച് വിൽക്കാൻ തീരുമാനിച്ചാൽ സാധാരണക്കാരായ രോഗികൾക്ക് സഹായകരമായിരിക്കും. ഇന്ന് ഡോക്ടർമാരെല്ലാം ബ്രാൻഡ് നെയിമിൽ മരുന്നുകൾ എഴുതുകയാണ്. കമ്പനിക്കുവേണ്ടി ഡോക്ടർമാർ മരുന്നുകൾ എഴുതുന്ന സ്ഥിതിയിലേയ്ക്ക് കാര്യങ്ങൾ വരികയാണ്. ജനറിക് നെയിമിൽ മരുന്നുകൾ എഴുതാൻവേണ്ടിയുള്ള കർശന നിർദ്ദേശം കൊടുക്കണം. എല്ലാ മെഡിക്കൽ കോളേജുകളിലും ഔട്ട്ലെറ്റുകൾ ആരംഭിച്ചുകൊണ്ട് കാൻസർ രോഗികൾക്കും നെഫ്രോളജി രോഗികൾക്കും കാർഡിയോളജി രോഗികൾക്കുമെങ്കിലും മിതമായ വിലയ്ക്ക് മരുന്നുകൾ നൽകുന്നതിനുള്ള സംവിധാനമുണ്ടാക്കണം.

ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ) : ഔഷധങ്ങളുടെ വില നിയന്ത്രണത്തിനുള്ള അധികാരം കേന്ദ്ര ഗവൺമെന്റിന്റെ കീഴിലുള്ള നാഷണൽ ഫാർമസ്യൂട്ടിക്കൽ പ്രൈസിംഗ് അതോറിറ്റിക്കാണ്. കുറച്ചുമുമ്പ് 500-ഓളം മരുന്നുകളുടെ ലിസ്റ്റായിരുന്നു ഈ നിയന്ത്രണ പട്ടികയിലുണ്ടായിരുന്നതെങ്കിൽ ഇപ്പോഴത് 76 ആക്കി ചുരുക്കിയിട്ടുണ്ട്. അത്യന്തം മാരകമായ രോഗങ്ങൾക്കുപയോഗിക്കുന്ന ജീവൻരക്ഷാ ഔഷധങ്ങളുടെ വിലനിയന്ത്രണം ഇപ്പോൾ കേന്ദ്ര ഗവൺമെന്റിന് സാധിക്കുന്നില്ല, എന്നുമാത്രമല്ല ഓരോ കമ്പനിയും അവരുടെ ഇഷ്ടത്തിനനുസരിച്ചാണ് വില നിശ്ചയിക്കുന്നത്. ഇങ്ങനെ മരുന്നിന്റെ വില നിശ്ചയിക്കുന്നതുകൊണ്ട് ഇൻഡ്യയിലെ പല സ്ഥാപനങ്ങൾക്കും ചെറിയ

വിലയ്ക്ക് മരുന്ന് കൊടുക്കുകയും എം. ആർ. പി. റേറ്റിൽ രോഗി മരുന്ന് വാങ്ങേണ്ടി വരികയും ചെയ്യുന്ന ദുരവസ്ഥയാണുള്ളത്. കേന്ദ്ര ഗവൺമെന്റാണ് ഇത് സംബന്ധിച്ച് തീരുമാനമെടുക്കേണ്ടത്. കാർഡിയോ വാസ്ക്കുലർ ഡ്രഗ്സ്, കിഡ്നിയുമായി ബന്ധപ്പെട്ടിട്ടുള്ള രോഗങ്ങൾക്കുള്ള മരുന്നുകൾ, കാൻസർ രോഗത്തിനുള്ള മരുന്നുകൾ എന്നിവ മെഡിക്കൽ സർവ്വീസ് കോർപ്പറേഷൻ വാങ്ങി ബി. പി. എൽ. വിഭാഗത്തിൽപ്പെട്ടവർക്ക് സൗജന്യമായി കൊടുക്കുന്നുണ്ട്. മെഡിക്കൽ സർവ്വീസ് കോർപ്പറേഷൻ വാങ്ങുന്ന മരുന്നിന്റെ വിലയും മാർക്കറ്റ് വിലയും തമ്മിൽ വലിയ വ്യത്യാസ മാണുള്ളത്. നീതി മെഡിക്കൽ സ്റ്റോറും മാവേലി മെഡിക്കൽ സ്റ്റോറും തുടങ്ങുന്നതുപോലെ കെ.എം.എസ്.സി.എൽ. ഔട്ട്ലെറ്റ് തുടങ്ങി സെയിൽ നടത്താൻ ഇന്നത്തെ ബൈലാ അനുസരിച്ച് സാദ്ധ്യമല്ല. ഇങ്ങനെ ഒരു സെയിൽ നടത്താൻ ശ്രമിച്ചാൽ കെ.എം.എസ്.സി.എൽ.-ന്റെ ടെണ്ടറിൽ പങ്കെ ടുക്കാൻ ഇൻഡ്യയിലെ ഒരു മരുന്നുകമ്പനിയും മുന്നോട്ട് വരാനിടയില്ല. ജനറിക് നെയിം എഴുതണമെന്ന് കേന്ദ്ര നിർദ്ദേശമുണ്ടെങ്കിലും ഡോക്ടർമാർ ബ്രാൻഡ് നെയിമാണ് എഴുതുന്നത്. ഇതിനുമാറ്റം വരുത്താൻ സ്റ്റാന്റേഡൈ സേഷൻ ഓഫ് ട്രീറ്റ്മെന്റ് പ്രോട്ടോക്കോളും ഡ്രഗ്സ് ഫോർമുലയും കൊണ്ടു വരേണ്ടത് കേന്ദ്ര ഗവൺമെന്റാണ്. ഡോക്ടർമാർ കണ്ടന്റ് നോക്കി ഇന്ന യിന്ന മരുന്നുകളേ എഴുതാവൂ എന്ന് നിഷ്ക്കർഷിക്കാൻ പറ്റുമോയെന്ന് വിദഗ്ദ്ധ സമിതിയെ വച്ച് പരിശോധിക്കാം.

**സബ്മിഷൻ**

1. <u>ആറളം, അയ്യൻകുന്ന് വില്ലേജുകളിൽ റീസർവ്വേ</u>

<u>ശ്രീമതി കെ. കെ. ശൈലജ ടീച്ചർ</u> : ആറളം, അയ്യൻകുന്ന് വില്ലേജുകളിൽ താമസിക്കുന്ന 500 കുടുംബങ്ങൾക്ക് കൈവശരേഖ ലഭിക്കാ

ത്തതിനാലും വില കൊടുത്ത് വാങ്ങിയ സ്ഥലത്തിന് 2000 മുതൽ നികുതി സ്വീകരിക്കാത്തതിനാലും ഗവൺമെന്റിന്റെ ആനുകൂല്യങ്ങളൊന്നും ലഭിക്കുന്നില്ല. ഇതിന് പരിഹാരം കാണാൻ അടിയന്തിര നടപടി സ്വീകരിക്കണം.

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ. പി. രാജേന്ദ്രൻ) : ആറളം, അയ്യൻകുന്ന് വില്ലേജുകളിൽ നിലവിലുള്ള സർവ്വേ റിക്കോർഡുകൾ ബ്രിട്ടീഷ് ഭരണകാലത്ത് തയ്യാറാക്കിയതാണ്. ഈ പ്രദേശം റീസർവ്വേ നടത്തിയാൽ മാത്രമേ ഓരോരുത്തരുടേയും ഭൂമിയെ സംബന്ധിച്ച് അറിയാൻ കഴിയുകയുള്ളൂ. കണ്ണൂർ ജില്ലയിൽ തളിപ്പറമ്പ് താലൂക്കിൽ മാത്രമാണ് റീസർവ്വേ നടത്തിവരുന്നത്. കണ്ണൂർ, തലശ്ശേരി താലൂക്കുകളിൽ റീസർവ്വേ ആരംഭിച്ചിട്ടില്ല. തലശ്ശേരി താലൂക്കിൽപ്പെട്ട ആറളം, അയ്യൻകുന്ന് വില്ലേജുകളെക്കൂടി ഭൂമി കേരളം പദ്ധതിയിലുൾപ്പെടുത്തി റീസർവ്വേ പൂർത്തിയാക്കാൻ നടപടി സ്വീകരിക്കുന്നതാണ്. കരം സ്വീകരിക്കുന്നതിനായി ഒരു പ്രത്യേക തീരുമാനമെടുക്കുകയാണ്. എന്നാൽ മറ്റ് ക്രയവിക്രയങ്ങളെല്ലാം റീസർവ്വേയുടെ അടിസ്ഥാനത്തിൽ കരം അടപ്പിച്ച് മാത്രമേ ചെയ്യാൻ കഴിയുകയുള്ളൂ.

(2) സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി

ശ്രീ. എം. മുരളി : സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയുടെ പ്രയോജനം അർഹരായ മുഴുവൻ ബി. പി. എൽ. കുടുംബങ്ങൾക്കും ലഭ്യമാക്കുന്നതിനും അനർഹരെ ലിസ്റ്റിൽനിന്നും ഒഴിവാക്കുന്നതിനും ആവശ്യമായ നടപടി സ്വീകരിക്കണം. കേന്ദ്ര ഗവൺമെന്റ് അസംഘടിത മേഖലയിലെ ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള പാവപ്പെട്ട കുടുംബങ്ങൾക്കുവേണ്ടി ആവിഷ്ക്കരിച്ച R.S.B.Y. പദ്ധതിയും കഴിഞ്ഞവർഷം ധനകാര്യ വകുപ്പുമന്ത്രി ബഡ്ജറ്റിൽ പ്രഖ്യാപിച്ച സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയും

നടപ്പിലാക്കാനുള്ള പരിശ്രമങ്ങൾ നടക്കുകയാണ്. ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയുടെ ഭാഗമായി 21 ലക്ഷത്തോളം വരുന്ന പാവപ്പെട്ടവരെ ഇൻഷ്വർ ചെയ്യുന്ന നടപടി ആരംഭിച്ചിരിക്കുകയാണ്. ഇതിനായി യുണൈറ്റഡ് ഇൻഷ്വറൻസ് കമ്പനിയെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളത്. പഞ്ചായത്തിലും മുനിസിപ്പാലിറ്റിയിലും നടക്കുന്ന രജിസ്ട്രേഷനും സ്മാർട്ട് കാർഡ് നൽകാനായി ഇൻഷ്വറൻസ് കമ്പനികൾ നടത്തിക്കൊണ്ടിരിക്കുന്ന പരിശ്രമങ്ങളും പ്രതിസന്ധിയിലാണ്. ഇതിന് പരിഹാരം കാണാൻ അടിയന്തിര നടപടി സ്വീകരിക്കണം.

തൊഴിലും എക്സൈസും വകുപ്പുമന്ത്രി <u>(ശ്രീ. പി. കെ. ഗുരുദാസൻ):</u> സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി കേരളത്തിൽ നടപ്പിലാക്കുമെന്ന് കഴിഞ്ഞ ബഡ്ജറ്റ് പ്രസംഗത്തിൽ ധനകാര്യ വകുപ്പുമന്ത്രി പ്രഖ്യാപിച്ചെങ്കിലും രണ്ട് ജില്ലകളെ മാത്രമാണ് ഉൾപ്പെടുത്താൻ നിശ്ചയിച്ചത്. അത് എല്ലാ ജില്ലകൾക്കും ബാധകമാക്കാൻ സംസ്ഥാന ഗവൺമെന്റ് കേന്ദ്ര ഗവൺമെന്റിനോട് അഭ്യർത്ഥിക്കുകയും അത് കേന്ദ്ര ഗവൺമെന്റ് സമ്മതിക്കുകയും അതനുസരിച്ച് 14 ജില്ലകളിലും ഈ പദ്ധതി നടപ്പിലാക്കുകയുമാണ് ചെയ്തത്. കേന്ദ്ര പ്ലാനിംഗ് കമ്മീഷന്റെ മാനദണ്ഡപ്രകാരമുള്ള ബി.പി.എൽ ലിസ്റ്റിൽ മാത്രം പോര 10 ലക്ഷം പേർകൂടി ബി.പി.എൽ.ൽ ഉൾപ്പെടും എന്ന നിഗമനത്തിൽ അവർക്കുകൂടി ഇത് ബാധകമാക്കാൻ തീരുമാനിക്കുകയും ചെയ്തു. 11.79 ലക്ഷം രൂപയിൽ 75 ശതമാനം കേന്ദ്ര ഗവൺമെന്റ് വിഹിതവും 25 ശതമാനം സംസ്ഥാന ഗവൺമെന്റിന്റെ വിഹിതവുമാണ്. ബാക്കിയുള്ള ബി. പി. എൽ. വിഭാഗത്തിന് മുഴുവൻ തുകയും സംസ്ഥാന ഗവൺമെന്റ് നൽകുന്ന വിധത്തിൽ 22 ലക്ഷം പേരെയാണ് സംസ്ഥാന ഗവൺമെന്റ് നിശ്ചയിച്ചത്. നമ്മൾ അംഗീകരിച്ച ബി. പി. എൽ. പട്ടിക പരിശോധിച്ചപ്പോൾ വന്ന

എണ്ണത്തിന്റെ വർദ്ധനവ് കാരണം ഒരു മാനദണ്ഡം തീരുമാനിച്ച് സൂചിക നിശ്ചയിക്കുകയും 22 ലക്ഷമായി നിർണ്ണയിച്ച് ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തു. വാർഡടിസ്ഥാനത്തിൽ പരിശോധിച്ചപ്പോൾ 22 ലക്ഷം എന്നുള്ളത് 28 ലക്ഷമായി വർദ്ധിച്ചിരിക്കുകയാണ്. അനർഹരെ ഒഴിവാക്കാനാവശ്യമായ നടപടികൾ സ്വീകരിക്കാൻ പഞ്ചായത്ത് പ്രസിഡന്റുമാരോടും അംഗങ്ങളോടും നിർദ്ദേശിച്ചിരിക്കുകയാണ്. അതോടൊപ്പം എസ്.സി./എസ്.ടി. വിഭാഗക്കാരേയും മത്സ്യത്തൊഴിലാളി കുടുംബങ്ങളേയുംകൂടി ഉൾപ്പെടുത്താൻ തീരുമാനിച്ചിട്ടുണ്ട്. ഈ നിലയ്ക്ക് ലിസ്റ്റ് പൂർണ്ണമാക്കാനുള്ള പ്രക്രിയ തദ്ദേശസ്വയംഭരണ വകുപ്പിൽ നടന്നുകൊണ്ടിരിക്കുന്നതിൽ വിജയം കണ്ടെത്താൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. 19-01-2009 വരെയുള്ള കണക്കനുസരിച്ച് 3.24 ലക്ഷം കുടുംബങ്ങൾ അംഗങ്ങളായിട്ടുണ്ട്. യുണൈറ്റഡ് ഇൻഷുറൻസ് കമ്പനി അവരുടെ ഏജന്റുമാരെ നിയോഗിച്ച് നടപടികൾ ത്വരിതപ്പെടുത്തിക്കൊണ്ടിരിക്കുകയാണ്. കുടുംബശ്രീ, പഞ്ചായത്ത്, മുനിസിപ്പാലിറ്റി എന്നിവയുടെ സഹായത്തോടുകൂടി മാർച്ച് 25-നകം ലിസ്റ്റ് പൂർണ്ണമാക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്. യുണൈറ്റഡ് ഇൻഷുറൻസ് കമ്പനി 13 ജില്ലകൾക്ക് 506 രൂപയും പാലക്കാട് ജില്ലയ്ക്ക് 496 രൂപയുമാണ് പ്രീമിയം നിശ്ചയിച്ചത്. ഈ തുക പൂർണ്ണമായും അടയ്ക്കുന്ന എ.പി.എൽ.കാർക്ക് ആരോഗ്യ ഇൻഷുറൻസ് പദ്ധതിയുടെ പ്രയോജനം ലഭിക്കുന്നതാണ്.

(3) സ്വർണ്ണത്തൊഴിലാളികൾക്ക് ക്ഷേമനിധി

ശ്രീ. എം. പ്രകാശൻ മാസ്റ്റർ : സംസ്ഥാനത്തെ ആഭരണത്തൊഴിലാളികൾക്ക് ക്ഷേമനിധി ഏർപ്പെടുത്താനും മിനിമം വേജസ് നിശ്ചയിക്കാനുമുള്ള നടപടി സ്വീകരിക്കണം.

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. പി. കെ. ഗുരുദാസൻ): ഒരു വർഷം മുമ്പ് ആഭരണത്തൊഴിലാളികൾക്കുവേണ്ടിയുള്ള ക്ഷേമനിധി ബില്ലിന്റെ കരട് തയ്യാറാക്കിയെങ്കിലും നിയമമാക്കാൻ കഴിഞ്ഞില്ല. അടുത്ത നിയമസഭാ സമ്മേളനത്തിൽ ബിൽ പാസ്സാക്കി നിയമമാക്കാനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കുന്നതാണ്. മിനിമം വേജസ് നടപ്പിലാക്കാനുള്ള നടപടികൾ മിനിമം വേജസ് അഡ്വൈസറി കമ്മിറ്റി സ്വീകരിച്ചുവരികയാണ്.

(4) പഴശ്ശി പദ്ധതിയിൽനിന്നുള്ള ജലവിതരണം

ശ്രീ. സി. കെ. പി. പത്മനാഭൻ : കണ്ണൂർ ജില്ലയിലെ പഴശ്ശി പദ്ധതി യിൽനിന്നും ജലവിതരണം നടത്താത്തതുമൂലം നെൽക്കൃഷി പൂർണ്ണമായും നശിച്ചിരിക്കുകയാണ്. ജില്ലാ വികസന സമിതി 3 ദിവസത്തിനകം പരിഹാരമു ണ്ടാക്കുമെന്ന് പറഞ്ഞുവെങ്കിലും യാതൊന്നും ചെയ്തില്ല. ഗവൺമെന്റിന്റെ പ്രവർത്തനങ്ങളെ കരിതേയ്ക്കാൻ ശ്രമിച്ച ജില്ലാ വികസന സമിതി ഉദ്യോഗ സ്ഥർക്കെതിരെ നടപടി സ്വീകരിക്കുകയും പ്രസ്തുത സ്ഥലം സന്ദർശിച്ച് കർഷക-ജനപ്രതിനിധികളുടെ ഒരു യോഗം വിളിച്ചുചേർത്ത് പ്രശ്നം പരിഹ രിക്കുകയും കർഷകർക്ക് നഷ്ടപരിഹാരം നൽകാനാവശ്യമായ നടപടി സ്വീകരിക്കുകയും വേണം.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. എൻ.കെ. പ്രേമചന്ദ്രൻ): പഴശ്ശി കനാൽ വഴി ജലവിതരണം നടത്തുന്നത് എല്ലാ വർഷവും ഡിസംബർ-ജനുവരി മാസ ങ്ങളിലാണ്. ഇപ്രാവശ്യവും 06-12-08 മുതൽ ജലവിതരണം ആരംഭിച്ചു. എന്നാൽ മെയിൻ കനാലിന്റെ 36.5 കിലോമീറ്റർ വരെ ജലവിതരണം നടത്തി യപ്പോഴാണ് ജനുവരി 4-ാം തീയതി കീഴ്ചേരി മെയിൻ കനാൽ നാലാം കിലോമീറ്ററിന്റെ സർപ്ലസ് എസ്കേപിന്റെ തടികൊണ്ടുള്ള ഷട്ടർ ഭാഗികമായി

തകരുകയും അടുത്തുള്ള തോടുകളിലേയ്ക്കും പുഴകളിലേയ്ക്കും വെള്ളം ഒഴുകുകയുമുണ്ടായത്. ഉടൻതന്നെ ബാരേജിൽ നിന്നുമുള്ള ജലവിതരണം നിർത്തിവയ്ക്കുകയും താല്ക്കാലിക സംവിധാനമായി മണൽ ചാക്കുകൾ അടുക്കി ജലവിതരണം ചെയ്യാനാവശ്യമായ നടപടി സ്വീകരിക്കുകയും ചെയ്തു. 23-01-09-ൽ ജലവിതരണം പുനഃസ്ഥാപിച്ചു. എന്നാൽ ബാരേജി ലുള്ള ജലനിരപ്പും കനാലിന്റെ ലെവലിലുള്ള വ്യത്യാസവും ഗണ്യമായി വർദ്ധിച്ചുവരുന്നതിനാൽ ജലവിതരണം സുഗമമായി നടത്താൻ കഴിയാത്ത സ്ഥിതിയാണുള്ളത്. പഴശ്ശി പദ്ധതിയുടെ റീവാംമ്പിംഗിനെ സംബന്ധിച്ച് ഗവൺമെന്റ് പരിശോധിച്ചുവരികയാണ്; ഉദ്യോഗസ്ഥരുടെ ഭാഗത്തുനിന്ന് എന്തെങ്കിലും വീഴ്ചകളുണ്ടായിട്ടുണ്ടെങ്കിൽ ശക്തമായ നടപടി സ്വീക രിക്കുന്നതാണ്. കർഷകർ, കർഷക സംഘടനാ പ്രതിനിധികൾ, ജനപ്രതിനി ധികൾ, ബന്ധപ്പെട്ട ഉദ്യോഗസ്ഥർ എന്നിവരുടെ യോഗം വിളിച്ചുചേർത്ത് ഇക്കാര്യത്തിൽ ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

(5) പൂഞ്ഞാർ മണ്ഡലത്തിലുണ്ടായ തീപിടുത്തം

ശ്രീ. പി.സി. ജോർജ്: പൂഞ്ഞാർ, മേലുകാവ്, കൂട്ടിക്കൽ, തീക്കോയ് തുടങ്ങിയ പഞ്ചായത്തുകളിൽ കൃഷി സ്ഥലങ്ങൾ കത്തി നശിച്ചതിലൂടെ അവിടത്തെ കർഷകർ ദുരിതം അനുഭവിക്കുകയാണ്. തീപിടുത്തം നാച്ചുറൽ കലാമിറ്റിയുടെ ലിസ്റ്റിൽപ്പെടുത്താത്തതുകൊണ്ട് കർഷകർക്ക് നഷ്ടപരി ഹാരം കൊടുക്കാൻ ഇപ്പോൾ വ്യവസ്ഥയില്ല. അതുകൊണ്ട് നിലവിലുള്ള നിയമത്തിൽ മാറ്റംവരുത്തി തീപിടുത്തംമൂലം നാശനഷ്ടമുണ്ടാകുന്ന കൃഷി ക്കാർക്ക് നഷ്ടപരിഹാരം കൊടുക്കുന്നതിന് നടപടി സ്വീകരിക്കണം.

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ.പി. രാജേന്ദ്രൻ): കേന്ദ്ര ഗവൺമെന്റാണ് പ്രകൃതിക്ഷോഭ ദുരിതാശ്വാസത്തിനുള്ള മാനദണ്ഡം നിശ്ചയിക്കുന്നത്. തീപിടുത്തം, ഇടിമിന്നൽ എന്നിവമൂലം ധാരാളം നാശനഷ്ടങ്ങൾ സംഭവിക്കുന്നുണ്ടെങ്കിലും ഇവ നാച്ചുറൽ കലാമിറ്റിയുടെ ലിസ്റ്റിൽപ്പെടുത്തിയിട്ടില്ല. ഇതുപോലെയുള്ള നാശനഷ്ടങ്ങളുടെ വിവരങ്ങൾ കേന്ദ്രഗവൺമെന്റിന്റെ മുമ്പാകെ ഉന്നയിച്ചതിന്റെ അടിസ്ഥാനത്തിൽ ചില കാര്യങ്ങൾ അംഗീകരിച്ചുവെങ്കിലും തീപിടുത്തം അതിൽ ഉൾപ്പെടുത്തിയിട്ടില്ല. ഈ സംഭവത്തെ സംബന്ധിച്ച് ജില്ലാ കളക്ടറോട് റിപ്പോർട്ട് ആവശ്യപ്പെട്ടിട്ടുണ്ട്. ദേശീയ ദുരന്ത നിവാരണ പദ്ധതിയിലൂടെ സഹായം നൽകാനൊക്കുമോയെന്നും മറ്റേതെങ്കിലും വിധത്തിൽ സഹായം നൽകാൻ കഴിയുമോയെന്നും പരിശോധിക്കാം.

(6) കാസർഗോട്ടെ കുടിവെള്ള പ്രശ്നം

ശ്രീ. സി.ടി. അഹമ്മദ് അലി: കാസർഗോഡ് ജില്ലയിൽ കുടിവെള്ള ക്ഷാമം രൂക്ഷമാവുകയാണ്. ഉപ്പുവെള്ളം തടയുന്നതിനുവേണ്ടി ബാവിക്കരയിൽ ആരംഭിച്ച റഗുലേറ്റർ കം-ബ്രിഡ്ജിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ നിർത്തിവച്ചിരിക്കുകയാണ്. ഒരു ഉന്നതതല യോഗം വിളിച്ചുചേർത്ത് മോണിറ്ററിംഗ് കമ്മിറ്റി രൂപീകരിച്ചുകൊണ്ട് സമയബന്ധിതമായി ഇതിന്റെ പണി പൂർത്തീകരിക്കണം.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. എൻ.കെ. പ്രേമചന്ദ്രൻ): ബാവിക്കര റഗുലേറ്റർ കം-ബ്രിഡ്ജിന്റെ നിർമ്മാണ പ്രവർത്തനമദ്ധ്യേ പൈൽ ഡ്രൈവ് ചെയ്യാൻ സാധിക്കാതെവന്ന സാഹചര്യത്തിൽ പുഴയുടെ മദ്ധ്യഭാഗം മുതൽ ഇടതുകരവരെ കോൺക്രീറ്റ് ബോക്സ് ടൈപ്പ് ചതുരക്കിണർ താഴ്ത്തുന്നതിനായി പ്രൊപ്പോസ് ചെയ്യുകയും അത് ഐ.ഡി.ആർ.ബി. ചീഫ് എൻജിനീയർ അംഗീകരിക്കുകയും 03-01-09-ൽ ഭരണാനുമതി നൽകുകയുമുണ്ടായി.

എന്നാൽ 2004-ലെ ഷെഡ്യൂൾ ഓഫ് റേറ്റ് പ്രകാരമുള്ള നിരക്ക് വച്ച് പണി ചെയ്യാൻ സാധിക്കുകയില്ലെന്ന കോൺട്രാക്ടറുടെ അപേക്ഷ ഇപ്പോൾ ചീഫ് എൻജിനീയർ പരിശോധിച്ചുവരികയാണ്. ഇക്കാര്യത്തിൽ ധനകാര്യവകുപ്പു മന്ത്രിയുടെ സാന്നിദ്ധ്യത്തിൽ 24-2-2008-ന് ഒരു ഉന്നതതല യോഗം വിളിച്ചു ചേർത്ത് അനന്തര നടപടികൾ സ്വീകരിക്കുന്നതാണ്.

(7) തിരുവനന്തപുരത്തെ തോടുകളുടേയും ആറുകളുടേയും സംരക്ഷണം

ശ്രീ. വി. ശിവൻകുട്ടി: മാംസാവശിഷ്ടങ്ങളും ചപ്പുചവറുകളും നിക്ഷേപിക്കുന്നതുമൂലവും മലിനജലം ഒഴുക്കിവിടുന്നതുകൊണ്ടും തിരുവനന്തപുരത്തെ പാർവ്വതീപുത്തനാർ ഉൾപ്പെടെയുള്ള ജലസ്രോതസ്സുകൾ മലിനീകരിക്കപ്പെടുകയാണ്. ജലദൗർലഭ്യം രൂക്ഷമായിരിക്കുന്ന ഈ സാഹചര്യത്തിൽ ജലാശയങ്ങൾ പൂർണ്ണമായും സംരക്ഷിക്കപ്പെടുന്നതിനുള്ള അടിയന്തിര നടപടി സ്വീകരിക്കണം.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. എൻ.കെ. പ്രേമചന്ദ്രൻ): അതാത് തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ പരിധിയിൽ വരുന്ന ജലസ്രോതസ്സുകളുടെ ജലവിഭവ ഭൂപടം തയ്യാറാക്കി അവയെ സംരക്ഷിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന് തദ്ദേശസ്വയംഭരണ വകുപ്പിന് നിർദ്ദേശം നൽകിയിട്ടുണ്ട്. ശാസ്ത്ര സാങ്കേതിക വകുപ്പ് ഇക്കാര്യത്തിൽ ചില നിർദ്ദേശങ്ങൾ തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് നൽകിയിട്ടുണ്ട്. തിരുവനന്തപുരം നഗരത്തിലെ ജലസ്രോതസ്സുകൾ സംരക്ഷിക്കുന്നതിനും മാലിന്യ വിമുക്തമാക്കുന്നതിനുമുള്ള പരിപാടികൾ പൂർണ്ണമായും മേജർ ഇറിഗേഷന്റെ പരിധിയിൽ വരുന്നതാണ്. ജലസ്രോതസ്സുകളുടെ സംരക്ഷണം ഉറപ്പുവരുത്തുന്നതിന് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി, കോർപ്പറേഷൻ അധികൃതർ എന്നിവരുടെ യോഗം വിളിച്ചു ചേർത്ത് സമഗ്രമായ ഒരു പദ്ധതി തയ്യാറാക്കി നടപ്പിലാക്കുന്നതാണ്.

(8) പൈപ്പ് പൊട്ടൽ മൂലമുള്ള കുടിവെള്ള പ്രശ്നം

ശ്രീ. സി.എഫ്. തോമസ്: തിരുവല്ലയിൽ നിന്ന് ചങ്ങനാശ്ശേരിയിലേയ്ക്ക് വെള്ളമെത്തിക്കുന്ന പ്രധാന പൈപ്പ്ലൈൻ നിരന്തരമായി പൊട്ടുന്നതുമൂലം ജലവിതരണം സ്തംഭിക്കുന്ന പ്രശ്നത്തിന് അടിയന്തിര പരിഹാരമുണ്ടാക്കണം.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. എൻ.കെ. പ്രേമചന്ദ്രൻ): ചങ്ങനാശ്ശേരിയിൽ വെള്ളമെത്തിക്കുന്നത് 400 എം.എം. പ്രിമോ പൈപ്പ് ലൈനിലൂടെയാണ്. വരൾച്ചയുണ്ടാകുമ്പോൾ പമ്പിംഗ് ശേഷി വർദ്ധിപ്പിക്കുന്നതുമൂലമുള്ള മർദ്ദത്തെ അതിജീവിക്കാൻ കഴിയാത്തതുകൊണ്ടാണ് നിരന്തരമായി പൈപ്പ് പൊട്ടുന്നത്. നിലവിലുള്ള പമ്പിംഗ് മെയിൻ മാറ്റി ഗ്രാവിറ്റി മെയിനാക്കിയ ശേഷം തിരുവല്ലയിൽ സ്ഥിതിചെയ്യുന്ന ടാങ്കിൽ നിന്ന് വെള്ളം ലഭ്യമാക്കുന്നതിനുവേണ്ടി ചങ്ങനാശ്ശേരിയിൽ ഒരു സമ്പ് നിർമ്മിച്ച് ജലവിതരണം നടത്തുകയെന്നുള്ളതാണ് താല്ക്കാലിക പരിഹാര മാർഗ്ഗം. അതിന് ഏകദേശം 90 ലക്ഷം രൂപ വേണ്ടിവരും. അതിന്റെ എസ്റ്റിമേറ്റ് സ്റ്റേറ്റ് ലെവൽ സാംഗ്ഷനിംഗ് കമ്മിറ്റിയുടെ പരിഗണനയിലിരിക്കുകയാണ്. 400 എം.എം. പ്രിമോ പൈപ്പ്ലൈൻ മാറ്റിയാൽ മാത്രമേ ഈ പ്രശ്നത്തിന് ശാശ്വത പരിഹാരം കാണാൻ കഴിയൂ.

(9) വെട്ടിപ്പൊളിക്കുന്ന റോഡുകളുടെ പുനരുദ്ധാരണം

ശ്രീ. എം.എ. വാഹീദ്: തിരുവനന്തപുരം നഗരത്തിലെ പ്രധാന റോഡുകളെല്ലാം ജപ്പാൻ കുടിവെള്ള പദ്ധതി, ബി.എസ്.എൻ.എൽ-ന്റെ പദ്ധതികൾ തുടങ്ങിയ വിവിധ ആവശ്യങ്ങൾക്കായി വെട്ടിപ്പൊളിച്ചിരിക്കുകയാണ്. ഈ റോഡുകളിലെ പൊടിമൂലം ജനങ്ങൾക്ക് യാത്ര ചെയ്യാൻ കഴിയാതെവരികയും കുട്ടികൾക്ക് ശ്വാസകോശ സംബന്ധമായ അസുഖങ്ങൾ വരികയു

മാണ്. അതുകൊണ്ട് റോഡ് വെട്ടിപ്പൊളിക്കുന്നതിന്റെ പിറ്റേദിവസം തന്നെ അധിക മണ്ണ് നീക്കം ചെയ്ത് ബിറ്റുമെൻ കോൺക്രീറ്റോ ബിറ്റുമെൻ സെമി ഗ്രൗട്ടിംഗോ നടത്തുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം.

മരാമത്ത് വകുപ്പുമന്ത്രി (ശ്രീ. മോൻസ് ജോസഫ്): റോഡ് വെട്ടിപ്പൊളിക്കുന്നതിന് പല വകുപ്പുകൾക്കും പൊതുമരാമത്ത് വകുപ്പ് അനുമതി കൊടുക്കാറുണ്ട്. എന്നാൽ അനുമതി നൽകുമ്പോഴുള്ള നിബന്ധനയനുസരിച്ച് അവർ സമയബന്ധിതമായി പണി പൂർത്തിയാക്കുകയോ റോഡ് റെസ്റ്റോർ ചെയ്യുകയോ ചെയ്യാറില്ല. റോഡ് വെട്ടിപ്പൊളിക്കുന്നതിന്റെ പിറ്റേദിവസം തന്നെ റെസ്റ്റോർ ചെയ്യുകയെന്നുള്ളത് പ്രായോഗികമല്ല. ജപ്പാൻ കുടിവെള്ള പദ്ധതി പ്രകാരം വെള്ളമെത്തിക്കുന്നതിനുവേണ്ടിയുള്ള വിവിധ ടെസ്റ്റുകൾ കഴിഞ്ഞ ശേഷം മാത്രമേ റോഡ് റെസ്റ്റോർ ചെയ്യാൻ കഴിയുകയുള്ളൂ. തലസ്ഥാന നഗരിയിലെ ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിന് തലസ്ഥാന നഗര വികസന പദ്ധതിയുടെ ഭാഗമായി യൂട്ടിലിറ്റീസ് നീക്കം ചെയ്യുന്നതടക്കമുള്ള കാര്യങ്ങളിൽ ചില തീരുമാനങ്ങൾ കൈക്കൊണ്ടിട്ടുണ്ട്. ജില്ലാ കളക്ടറുടെ നേതൃത്വത്തിൽ എല്ലാ വകുപ്പുകളിലേയും പ്രധാനപ്പെട്ട ഉദ്യോഗസ്ഥരെ ഉൾപ്പെടുത്തിക്കൊണ്ട് ഒരു ജില്ലാതല മോണിറ്ററിംഗ് സെൽ രൂപീകരിച്ചിട്ടുണ്ട്. ഇപ്പോൾ അനുമതി നൽകിയിരിക്കുന്ന വർക്കുകൾ പൂർത്തിയാക്കിയശേഷമേ പുതിയതിന് അനുവാദം നൽകാവൂ എന്ന് നിർദ്ദേശവും നൽകിയിട്ടുണ്ട്.

(10) കെ.എസ്. ശ്രുതിയുടെ നേരെ നടന്ന ആക്രമണം

ശ്രീ. കെ. കുഞ്ഞിരാമൻ: മംഗലാപുരം സെന്റ് അലോഷ്യസ് കോളേജ് വിദ്യാർത്ഥിനിയും എം.എൽ.എ. ആയ ശ്രീ. സി.എച്ച്. കുഞ്ഞമ്പു എം.എൽ. എ.യുടെ മകളുമായ കെ.എസ്. ശ്രുതിയെയും കൂട്ടുകാരിയുടെ സഹോദരനായ ഷബീബ് എന്ന യുവാവിനേയും 06-02-09-ന് കാസർഗോഡ് നിന്നും

മംഗലാപുരത്തേയ്ക്കുള്ള യാത്രാമദ്ധ്യേ ബസ്സിൽ നിന്നും പിടിച്ചി റക്കിക്കൊണ്ടുപോയി മർദ്ദിച്ച സംഭവത്തിലെ കുറ്റക്കാരായവരെ കണ്ടെത്തി തക്കതായ ശിക്ഷ നൽകുന്നതിനുള്ള നടപടി സ്വീകരിക്കണം.

ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണൻ): കെ.എസ്. ശ്രുതി മംഗലാപുരത്തേയ്ക്കുള്ള ബസ് യാത്രാമദ്ധ്യേ പരിചയക്കാരനായ ഷബീബുമായി സംസാരിച്ചതിനാൽ മംഗ ലാപുരം പമ്പ്വെൽ എന്ന സ്ഥലത്ത് ബസ് നിർത്തിയപ്പോൾ കുറച്ചുപേർ ബസ്സിൽ നിന്നും ഇവരെ പിടിച്ചിറക്കി ഓട്ടോറിക്ഷയിൽ കയറ്റിക്കൊണ്ടു പോകുകയും മർദ്ദിച്ചശേഷം വിട്ടയയ്ക്കുകയും ചെയ്തു. ഇതുസംബന്ധിച്ച് വിവിധ വകുപ്പുകൾ ചേർത്ത് കേസ് രജിസ്റ്റർ ചെയ്തതായും മംഗലാപുരം സ്വദേശികളായ നാലുപേരെയും കാസർഗോഡ് സ്വദേശികളായ ബസ് കണ്ട ക്ടർ, ഡ്രൈവർ എന്നിവരേയും 07-02-09, 12-02-09 എന്നീ തീയതികളിലായി അറസ്റ്റ് ചെയ്തതായും വിവരം ലഭിച്ചിട്ടുണ്ട്. ആൺകുട്ടികളും പെൺകുട്ടി കളും തമ്മിൽ സംസാരിക്കാൻ പാടില്ലെന്നും മുസ്ലീങ്ങൾ മുസ്ലീങ്ങളുമായി മാത്രമേ സംസാരിക്കാൻ പാടുള്ളൂവെന്നും ആജ്ഞാപിക്കുന്ന ശ്രീരാമസേനയാണ് ഇത്തരം സംഭവങ്ങൾക്കു പിന്നിലെന്നാണ് അറിയുന്നത്. ഈ വിഷയം സംബന്ധിച്ച് കർണ്ണാടക മുഖ്യമന്ത്രിക്കും ആഭ്യന്തരവകുപ്പ് മന്ത്രിക്കും കത്ത് അയച്ചിട്ടുണ്ട്. കേരളത്തിൽനിന്ന് കർണ്ണാടകത്തിലേക്ക് പോകുന്നവർക്കെതിരായിട്ടുള്ള അക്രമങ്ങളെ ശക്തമായി കൈകാര്യം ചെയ്യാൻ കർണ്ണാടക ഗവൺമെന്റിനോട് ആവശ്യപ്പെടുകയും ചെയ്തിട്ടുണ്ട്. ഈ പ്രശ്നം സംബന്ധിച്ച് കേന്ദ്ര ആഭ്യന്തര വകുപ്പുമന്ത്രിക്കും ഒരു കത്ത് അയച്ചിട്ടുണ്ട്. കേന്ദ്ര ഗവൺമെന്റുമായും കർണ്ണാടക ഗവൺമെന്റുമായും

ബന്ധപ്പെട്ടുകൊണ്ട് സംസ്ഥാന ഗവൺമെന്റിന് ഈ കാര്യത്തിൽ ചെയ്യാൻ പറ്റുന്ന കാര്യങ്ങൾ ചെയ്യുന്നതായിരിക്കും.

(11) <u>വാഗമൺ വില്ലേജിലെ കുടിയേറ്റ കർഷകർക്ക് പട്ടയം</u>

<u>ശ്രീമതി ഇ.എസ്. ബിജിമോൾ :</u> ഇടുക്കി ജില്ലയിലെ വാഗമൺ വില്ലേജിലെ കുടിയേറ്റ കർഷകരുടെ ഭൂമിക്ക് പട്ടയങ്ങൾ നൽകുന്നതിനും കരം സ്വീകരിക്കുന്നതിനും പോക്കുവരവ് ചെയ്യുന്നതിനും നടപടി സ്വീകരിക്കണം. തെറ്റായ സർവ്വേ നമ്പർ കൊടുത്തിരിക്കുന്നതുമൂലം അവർക്ക് ധനകാര്യ സ്ഥാപനങ്ങളിൽനിന്ന് വായ്പയോ സർക്കാർ ഏജൻസികളിൽനിന്ന് ആനുകൂല്യങ്ങളോ കിട്ടുന്നില്ല. ഒരു കുടുംബത്തിന് ഒരേക്കർ ഭൂമി മാത്രമേ പതിച്ചു നൽകാൻ പറ്റുകയുള്ളൂ എന്ന 3-3-2005-ലെ ഉത്തരവ് പ്രായോഗികമല്ല. കാരണം കഴിഞ്ഞ 40 വർഷമായി ഒന്നിൽ കൂടുതൽ ഏക്കർ ഭൂമി കൈവശം വച്ച് അനുഭവിച്ചുകൊണ്ടിരിക്കുന്ന കർഷകർ ഇവിടെ ഉണ്ട്. അതിനാൽ ഈ ഉത്തരവ് തിരുത്തുന്നതിന് നടപടിയുണ്ടാകണം.

റവന്യു വകുപ്പുമന്ത്രി <u>(ശ്രീ. കെ.പി. രാജേന്ദ്രൻ)</u> : ഇടുക്കി ജില്ലയിലെ വാഗമൺ വില്ലേജിൽ വ്യാപകമായി വ്യാജ പട്ടയങ്ങൾ കൊടുക്കുന്നതായും അനധികൃത ഭൂമിയിടപാടുകൾ നടക്കുന്നതായും ശ്രദ്ധയിൽപ്പെട്ടതിനെത്തുടർന്ന് വിശദമായ പരിശോധന നടന്നുവരുന്നു. പരിശോധനയുടെ റിപ്പോർട്ട് ലഭിക്കുന്ന മുറയ്ക്ക് നിയമാനുസൃതം പട്ടയം ലഭിക്കാൻ അർഹതയുള്ളവർക്ക് പട്ടയം നൽകുന്നതിനും കരം സ്വീകരിക്കുന്നതിനും വസ്തുവകകൾ പോക്കുവരവ് ചെയ്യുന്നതിനും നടപടികൾ സ്വീകരിക്കുന്നതാണ്. പതിച്ചു നൽകാവുന്ന സർക്കാർ ഭൂമിയുടെ ലഭ്യതയും കാലാകാലങ്ങളിൽ സെൻസസ് പ്രവർത്തനങ്ങളിലൂടെ ലഭിക്കുന്ന ഭൂരഹിതരുടെ എണ്ണവും കണക്കിലെടുത്താണ് ഭൂമി വിതരണത്തിനായി സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുന്നത്.

ഈ ഉത്തരവുകൾ ഒരു പ്രത്യേക പ്രദേശത്തിന്റേയോ വ്യക്തിയുടേയോ താൽപ്പര്യം കണക്കിലെടുത്ത് ഭേദഗതി ചെയ്യാൻ സാധിക്കുകയില്ല. കേരള ഭൂ സംരക്ഷണ നിയമത്തിലെ നാലാം വകുപ്പു പ്രകാരം റോഡ്, തോട്, ആറ്, പുറമ്പോക്കുകൾ തുടങ്ങിയവ പൊതുവായ ഉപയോഗത്തിനും അനുഭവത്തിനും മാത്രമുള്ളതാണ്. ഇത്തരം പൊതുസ്വത്തുക്കൾ വർഷങ്ങളായി കൈവശം വച്ച് അനുഭവിച്ചു എന്നതുകൊണ്ടുമാത്രം പട്ടയം ലഭിക്കുന്നതിനുള്ള അവകാശമായി കണക്കാക്കാൻ സാധിക്കുകയില്ല. ഇത്തരം പൊതുസ്ഥലങ്ങൾ സ്വകാര്യ വ്യക്തികൾക്ക് പതിച്ചു നൽകുന്നതിനെതിരെ ഹൈക്കോടതി വിധിയും നിലവിലുണ്ട്. കുടിയേറി പാർക്കുന്ന പാവപ്പെട്ട ഭൂരഹിതരായവർക്ക് സർക്കാർ ആനുകൂല്യങ്ങൾ ലഭിക്കുന്നതിന് കൈവശരേഖ ലഭ്യമാക്കുന്നതിന് ഇപ്പോൾതന്നെ ഉത്തരവ് കൊടുത്തിട്ടുണ്ട്. പട്ടയം നൽകാൻ തടസ്സമില്ലാത്ത കേസ്സുകൾ പ്രത്യേകം പരിശോധിച്ച് പട്ടയം നൽകുന്നതിനും കരം സ്വീകരിക്കുന്നതിനും ആവശ്യമായ നിർദ്ദേശം നൽകുന്നതാണ്.

(12) <u>അലിഗഡ് സർവ്വകലാശാലയുടെ ഓഫ് ക്യാമ്പസ് സെന്റർ</u>

<u>ശ്രീ. വി.ശശികുമാർ</u> : അലിഗഡ് മുസ്ലീം യൂണിവേഴ്സിറ്റിക്ക് ഓഫ് ക്യാമ്പസ് തുടങ്ങാനാവശ്യമായ സ്ഥലം ഏറ്റെടുത്ത് നൽകാൻ നടപടി സ്വീകരിക്കുന്നതോടൊപ്പം അതിനാവശ്യമായ തുക ബഡ്ജറ്റിൽ വകയിരുത്താനും ബന്ധപ്പെട്ട വകുപ്പുകളുടെ ഒരു അവലോകനയോഗം വിളിച്ചു ചേർക്കാനും നടപടി സ്വീകരിക്കണം.

വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി <u>(ശ്രീ. എം.എ. ബേബി)</u> : അലിഗഡ് മുസ്ലീം സർവ്വകലാശാലയുടെ ഓഫ് ക്യാമ്പസ് സെന്റർ മലപ്പുറം ജില്ലയിൽ സ്ഥാപിക്കുന്നതിന് ഗവൺമെന്റ് നടപടി കൈക്കൊണ്ടി

ട്ടുണ്ട്. ഇതിനായി പെരിന്തൽമണ്ണ താലൂക്കിലെ ഏലങ്കുളം, ആനമങ്ങാട് വില്ലേ ജുകളിൽ എല്ലാ അടിസ്ഥാന സൗകര്യങ്ങളുമുള്ള  സ്ഥലം കണ്ടെത്തിയിട്ടുണ്ട്. ഇന്ന്  കൂടുന്ന മന്ത്രിസഭാ യോഗത്തിൽ  ഇതുസംബന്ധിച്ച അനന്തര  നടപടി കളിന്മേൽ തീരുമാനമെടുക്കും.

(13) കോട്ടയ്ക്കലിൽ ആയുർവേദ സർവ്വകലാശാല

ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : കോട്ടയ്ക്കൽ ആയുർവേദ കോളേജിനെ ആയുർവേദ മെഡിക്കൽ യൂണിവേഴ്സിറ്റിയായി മാറ്റാനുള്ള നടപടി സ്വീകരിക്കണം.

ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി പി.കെ. ശ്രീമതി ടീച്ചർ) : കോട്ടക്കൽ ആയുർവേദ കോളേജ് ഒരു ആയുർവേദ മെഡിക്കൽ യൂണിവേഴ്സിറ്റിയുടെ തലത്തിലേയ്ക്ക് ഉയർത്തുന്നതിനുള്ള പ്രൊപ്പോസൽ 31/12/01 -ൽ അയയ്ക്കുമ്പോൾ അത് കേന്ദ്ര ഗവണ്മെന്റിന്റെ ഒരു സർവ്വകലാശാലയായിട്ട് വേണമെന്നുള്ള നിലയ്ക്കാണ് കേന്ദ്ര സഹായം ആവശ്യപ്പെട്ടത്. ഈ ആയുർവേദ കോളേജിനെ ഒരു സെന്റർ ഓഫ് എക്സലൻസ് ആക്കി മാറ്റാൻവേണ്ടി പുതിയ അഞ്ച് പി.ജി. കോഴ്സുകൾ ആരംഭിക്കുകയും പുതിയ പതിമൂന്ന് തസ്തികകൾ സൃഷ്ടിക്കുകയും ചെയ്തത് ഈ ഗവൺമെന്റാണ്. ഇപ്പോൾ സംസ്ഥാന ഗവണ്മെന്റ് സമർപ്പിച്ച റിപ്പോർട്ട് അനുസരിച്ച് 4.75 കോടി രൂപയുടെ ധനസഹായം കേന്ദ്ര സർക്കാർ അംഗീകരിച്ച് ഉത്തരവായിട്ടുണ്ട്; അത് ഏതാനും നാളുകൾക്കുള്ളിൽ കിട്ടും. യൂണിവേഴ്സിറ്റി തലത്തിലേയ്ക്ക് ഉയർത്തുന്നതിന് കോളേജിന്റെ നിലവിലുള്ള സൗകര്യങ്ങൾ അപര്യാപ്തമാണ്. അതുകൊണ്ട് ഇതിനെ ഒരു സെന്റർ ഓഫ് എക്സലൻസ് ആക്കി മാറ്റാനാണ് ഇപ്പോൾ ഉദ്ദേശിക്കുന്നത്. അതിനുശേഷം ഒരു ഡീംഡ് യൂണിവേഴ്സിറ്റിയാക്കാൻ പരിശ്രമിക്കാം. ഇപ്പോൾ തൃശൂർ ആസ്ഥാനമായി സ്ഥാപിക്കാൻ പോകുന്ന മെഡിക്കൽ യൂണിവേഴ്സിറ്റിയുടെ കീഴിൽ ആയുർവേദം, ഹോമിയോ, യുനാനി, സിദ്ധ എന്നീ ഡിപ്പാർട്ടു

മെന്റുകളെല്ലാമുണ്ട്. അവിടെ ഗവേഷണ സൗകര്യങ്ങൾകൂടി കണ്ടുകൊണ്ടാണ് ഈ യൂണിവേഴ്സിറ്റി സ്ഥാപിക്കാൻ ഉദ്ദേശിച്ചിട്ടുള്ളത്.

ഗവർണ്ണറുടെ പ്രസംഗത്തിന് നന്ദി രേഖപ്പെടുത്തുന്ന പ്രമേയത്തെക്കുറിച്ചുള്ള ചർച്ച (തുടർച്ച)

ശ്രീ. എ.സി. മൊയ്തീൻ : നന്ദിപ്രമേയത്തെ അനുകൂലിക്കുന്നു. ആഗോള സാമ്പത്തിക മാന്ദ്യത്തെ തുടർന്ന് ദേശീയ തലത്തിലുണ്ടായിരിക്കുന്ന പ്രതികൂല സാഹചര്യങ്ങളെ നേരിട്ടുകൊണ്ട് ഐശ്വര്യ പൂർണ്ണമായ കേരളം സൃഷ്ടിക്കാനുള്ള പരിശ്രമങ്ങളാണ് നയപ്രഖ്യാപന പ്രസംഗത്തിലൂടെ ഈ സർക്കാർ നടത്തിയിരിക്കുന്നത്. 32 മാസങ്ങൾക്കുമുമ്പ് അധികാരത്തിൽ വന്ന ഈ ഗവൺമെന്റ് പ്രകടന പത്രികയിൽ പറഞ്ഞിരിക്കുന്ന മിക്കവാറും കാര്യങ്ങൾ ഇതിനോടകം നടപ്പിലാക്കിയിട്ടുണ്ട്. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് ഇവിടെ കർഷക ആത്മഹത്യകൾ ധാരാളം നടന്നിരുന്നു. എന്നാൽ ഇപ്പോൾ കാർഷിക മേഖലയിൽ നവോത്ഥാനത്തിന്റെ കാലമാണ്. ആത്മഹത്യ ചെയ്ത കർഷകരുടെ കടങ്ങൾ എഴുതിത്തള്ളാനും കാർഷിക വായ്പകളുടെ പലിശ കുറച്ചുകൊടുക്കാനും നെൽകർഷകർക്ക് പലിശ രഹിത വായ്പ ലഭ്യമാക്കാനും ഈ സർക്കാരിന് കഴിഞ്ഞിട്ടുണ്ട്. നെല്ലിന്റെ താങ്ങുവില കിലോയ്ക്ക് ഏഴ് രൂപയിൽനിന്ന് പതിനൊന്ന് രൂപയായി ഉയർത്താനും നെല്ല് സംഭരിക്കാനും ഈ ഗവൺമെന്റ് തയ്യാറായി. കേരളത്തിലെ പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങളെ വിൽക്കാനുള്ള നടപടിയാണ് യു.ഡി.എഫ്. സർക്കാർ സ്വീകരിച്ചിരുന്നതെങ്കിൽ 27 പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങളെ ലാഭത്തിലാക്കാൻ ഈ സർക്കാരിന് കഴിഞ്ഞിട്ടുണ്ട്. ടെക്സ്റ്റൈൽ മേഖലയുടെ പുനരുദ്ധാരണത്തിനും ഈ ഗവൺമെന്റ് നടപടികൾ സ്വീകരിച്ചു. ഈ ഗവൺമെന്റിന്റെ മൂന്നു

വർഷത്തെ പ്രവർത്തനത്തിന്റെ ഫലമായി പരമ്പരാഗത വ്യവസായ മേഖല യേയും അവയിൽ പണിയെടുക്കുന്ന ലക്ഷക്കണക്കിന് തൊഴിലാളികളേയും രക്ഷിക്കാൻ സാധിച്ചു. ഗവൺമെന്റിന്റെ ഇച്ഛാശക്തിയുടെ ഫലമായി വർഗ്ഗീയവാദവും ഭീകരവാദവും അമർച്ച ചെയ്യാൻ സാധിച്ചിട്ടുണ്ട്. കേരള ത്തിലെ ക്രമസമാധാന നില ഇന്ന് ഭദ്രമാണ്. ക്ഷേമനിധി ഏർപ്പെടുത്താനും കയറ്റുമതിക്കാരിൽനിന്നും വിഹിതം പിടിക്കാനും തയ്യാറായതിലൂടെ ലക്ഷക്ക ണക്കിന് മത്സ്യത്തൊഴിലാളികളുടെ ജീവിതത്തിന് സുരക്ഷ ഉറപ്പാക്കാൻ കഴിഞ്ഞു. ഇ.എം.എസ്. ഭവന നിർമ്മാണ പദ്ധതി നടപ്പിലാക്കി; 5,000 കോടി രൂപയുടെ തൊഴിലവസരം ഉണ്ടാക്കാനുള്ള പദ്ധതിക്ക് തുടക്കം കുറിച്ചു; സമ്പൂർണ്ണ വൈദ്യുതീകരണം നടപ്പിലാക്കാൻ നടപടിയെടുത്തു; ടൂറിസം മേഖലയിൽ ഒരു കാലത്തും ഇല്ലാത്ത വിധത്തിൽ അഭൂതപൂർവ്വമായ വളർച്ച നേടാനും തൊഴിലവസരങ്ങൾ സൃഷ്ടിക്കാനും സാധിച്ചു. വിദ്യാഭ്യാസ മേഖലയുടെ നവീകരണത്തിലൂടെ പാവപ്പെട്ട കുട്ടികൾക്ക് പഠിക്കാനുള്ള അവസരമുണ്ടാക്കി. കേരളത്തിലെ ഊർജ്ജോൽപ്പാദന രംഗത്ത് അഭൂത പൂർവ്വമായ മാറ്റം ഉണ്ടാക്കാൻ കഴിഞ്ഞു. ക്ഷേമപദ്ധതികളുടെ കാര്യത്തിൽ നിഷേധാത്മകമായ നിലപാടാണ് യു.ഡി.എഫ്. ഗവൺമെന്റ് കൈക്കൊണ്ടിരു ന്നതെങ്കിൽ അതിൽനിന്ന് വ്യത്യസ്തമായി പാവപ്പെട്ട ജനവിഭാഗങ്ങളെ ക്ഷേമപദ്ധതിയിൽ അംഗമാക്കുന്നതിന് ഈ ഗവൺമെന്റ് തയ്യാറായി. വിവിധ പെൻഷൻ കുടിശ്ശികകൾ കൊടുത്തു തീർത്തു. സർക്കാർ ആശുപത്രികളിൽ ആവശ്യത്തിന് ഡോക്ടർമാരെ നിയമിക്കുകയും മെച്ചപ്പെട്ട ചികിത്സാ സൗകര്യം ലഭ്യമാക്കുകയും ചെയ്തു. മെഡിക്കൽ കോളേജുകളെ മികവിന്റെ കേന്ദ്രങ്ങളാക്കി മാറ്റാൻ കഴിഞ്ഞു. കേരളത്തെ ഒരു നിക്ഷേപ സൗഹൃദ സംസ്ഥാനമാക്കി മാറ്റി. കേരളത്തിന് അർഹതപ്പെട്ട അരിയും

ഗോതമ്പും കേന്ദ്രത്തിൽനിന്ന് വാങ്ങിയെടുക്കാനുള്ള ശ്രമമാണ് സർക്കാർ നടത്തുന്നത്. രാഷ്ട്രീയ പ്രേരിതമായ ലക്ഷ്യങ്ങളോട സി.ബി.ഐ.യെ കൂട്ടുപിടിച്ച് പ്രതിപക്ഷം നടത്തുന്ന പ്രവർത്തനം അത്യന്തം അപമാനകരമാണ്. സംസ്ഥാനത്തിന്റെ വികസന പ്രവർത്തനങ്ങൾക്ക് വിഘ്നം നിൽക്കുന്ന സമീപനം പ്രതിപക്ഷം ഉപേക്ഷിക്കണം.

<u>ശ്രീ. എ. പി. അനിൽകുമാർ:</u> നന്ദിപ്രമേയത്തെ എതിർക്കുന്നു. കേന്ദ്ര ഗവൺമെന്റ് അനുവദിച്ച പദ്ധതികൾപോലും നടപ്പിലാക്കാൻ കഴിയാത്ത സാഹചര്യമാണ് സംസ്ഥാനത്ത് നിലനിൽക്കുന്നത്. ഐശ്വര്യ കേരളം സൃഷ്ടിക്കാനാണ് രണ്ടരവർഷംമുമ്പ് ജനങ്ങൾ അധികാരമേൽപ്പിച്ചതെങ്കിൽ ഇന്ന് അരക്ഷിത കേരളമായി മാറിയിരിക്കുകയാണ്. പാർട്ടിയിലെ അന്ത:ഛിദ്രങ്ങളും കിടമത്സരങ്ങളും കൊണ്ട് മുഖ്യമന്ത്രിയെ ഭരിക്കാൻ അനുവദിക്കാത്ത സ്ഥിതിയാണുള്ളത്. പാർട്ടി സെക്രട്ടറിയോട് ഒരു നയവും മറ്റുള്ളവരോട് മറ്റൊരു നയവുമാണ് കമ്മ്യൂണിസ്റ്റ് പാർട്ടി സ്വീകരിച്ചുവരുന്നത്. കേരളത്തിലെ ജനങ്ങൾ ഈ ഭരണത്തിൽനിന്നും അകന്നുകഴിഞ്ഞിരിക്കുന്നു. മുതലാളിത്ത വ്യവസ്ഥയും പാർട്ടി നയവും തമ്മിലുള്ള് വ്യത്യാസം വ്യക്തമാക്കാൻ തയ്യാറാകണം. ജനങ്ങളെ ദ്രോഹിക്കുന്ന കാര്യത്തിൽ മാത്രമാണ് അഭിപ്രായവ്യത്യാസമില്ലാത്തത്.

<u>ശ്രീമതി ഇ.എസ്.ബിജിമോൾ:</u> നന്ദി പ്രമേയത്തെ അനുകൂലിക്കുന്നു. ആഗോള സാമ്പത്തിക തകർച്ച വ്യാപകമായ തൊഴിലില്ലായ്മയ്ക്കും ലേ-ഓഫുകൾക്കും ലോക്കൗട്ടുകൾക്കും ഇടയാക്കി. ഇതിന്റെ പ്രതിഫലനങ്ങൾ ഇൻഡ്യൻ വ്യവസായ രംഗത്തും പ്രതിഫലിക്കുന്നുണ്ട്. ഇതിൽനിന്നും പാഠങ്ങൾ ഉൾക്കൊള്ളാതെ സാമ്പത്തിക മേഖലയെ കയറൂരി വിടാനുള്ള ശ്രമങ്ങളാണ് കേന്ദ്ര ഗവൺമെന്റ് ചെയ്യുന്നത്. ക്യാഷ് റിസർവ് റേഷ്യോ കുറ

ച്ചതും മ്യൂചൽ ഫണ്ടുകളെ സംരക്ഷിക്കാൻ വേണ്ടി സാമ്പത്തിക സഹായം നൽകിയതും ഈ വഴിക്കുള്ള നടപടികളാണ്. തൊഴിലാളികളുടെ നഷ്ടം നികത്താനുള്ള ബാദ്ധ്യതയിൽ നിന്നും കേന്ദ്ര സർക്കാർ ഒഴിഞ്ഞു മാറുന്നു. തോട്ടം തൊഴിലാളി മേഖല വ്യാപകമായ പ്രതിസന്ധി നേരിട്ടുകൊണ്ടിരിക്കുന്നു. തൊഴിൽരംഗം നേരിടുന്ന പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ഇൻഡ്യൻ ലേബർ കോൺഫറൻസ് വിളിച്ച് കൂട്ടുന്നതിന് കേന്ദ്ര ഗവൺമെന്റിൽ സമ്മർദ്ദം ചെലുത്തണം. മിനിമം വേജസ് നടപ്പിലാക്കാനുള്ള മാനദണ്ഡം കേന്ദ്ര ഗവൺമെന്റ് നിശ്ചയിക്കാത്തതിന്റെ ഫലമായി വിവിധ സംസ്ഥാനങ്ങളിൽ വ്യത്യസ്ത മിനിമം വേജസ്സാണ് നിലനിൽക്കുന്നത്. സാമൂഹ്യനീതി അടിസ്ഥാനമാക്കിയായിരിക്കണം മിനിമം വേജസ് നിജപ്പെടുത്തേണ്ടത്. എൽ.ഡി.എഫ്. ഗവൺമെന്റിന്റെ നേതൃത്വത്തിൽ കേരളം വിവിധ മേഖലകളിൽ കൈവരിച്ച നേട്ടം ശ്രദ്ധേയമാണ്. സംസ്ഥാനത്തിന്റെ തനത് നികുതി വരുമാനം വർദ്ധിപ്പിച്ചു. റവന്യൂ ചെലവ് നിയന്ത്രിച്ചു. റവന്യൂ കമ്മി കുറച്ചു. ഭൂ മാഫിയകളെ കടിഞ്ഞാണിട്ടു. കർഷക ആത്മഹത്യക്ക് അറുതി വരുത്തി. കർഷക കടാശ്വാസ കമ്മീഷൻ രൂപീകരിച്ചു. ഇൻഷ്വറൻസ്, കിസാൻശ്രീ പദ്ധതികൾ വഴി കർഷകർക്ക് ആശ്വാസം എത്തിച്ചു. നെൽകൃഷി മേഖലയിലും ആയിരം ഹരിത ഗ്രാമം പദ്ധതി വഴി പച്ചക്കറി മേഖലയിലും വൻ മുന്നേറ്റം ഉണ്ടാക്കാൻ കഴിഞ്ഞിട്ടുണ്ട്. ഗ്രീൻകാർഡ്, പലിശ രഹിത വായ്പ, ഇൻഷ്വറൻസ് പരിരക്ഷ, ഉയർന്ന വിലയ്ക്ക് നെല്ല് സംഭരണം എന്നിവ വഴി കൃഷിക്കാരോട് പ്രതിബദ്ധത കാണിക്കാൻ ഗവൺമെന്റിന് കഴിഞ്ഞിട്ടുണ്ട്. ഭക്ഷ്യധാന്യങ്ങളുടെ വിലവർദ്ധനവ്, കുത്തകകളുടെ കടന്നുകയറ്റം, കേന്ദ്ര റേഷൻ വിഹിതം വെട്ടിക്കുറയ്ക്കൽ എന്നിവ കേരളത്തിന്റെ പൊതുവിതരണ സമ്പ്രദായത്തെ ബാധിച്ചിട്ടു

ണ്ട്. ഭക്ഷ്യ സിവിൽസപ്ലൈസ് വകുപ്പിന്റെ ഇടപെടൽമൂലം നിത്യോപ യോഗ സാധനങ്ങളുടെ വിലനിലവാരം പിടിച്ചു നിർത്തുന്നതിനും ഇരുപതു ലക്ഷം ബി.പി.എൽ.കാർക്ക് അരി നൽകുന്നതിനും കഴിഞ്ഞിട്ടുണ്ട്. പശുഗ്രാം, വിദർഭ, മിൽക്ക് ഷെഡ്സ്, ഗോസുരക്ഷ, ക്ഷീരധാര എന്നീ പദ്ധതികൾ ക്ഷീര കർഷകർക്ക് ആശ്വാസം നൽകി. സാധാരണക്കാരുടെ സംരക്ഷണം ഉറപ്പു വരുത്തുന്നതിനായി മൊബൈൽ മാവേലി സ്റ്റോർ, പീപ്പിൾസ് ബസാർ, മാവേലി മെഡിക്കൽസ്റ്റോർ എന്നിവ നടപ്പിലാക്കി. എല്ലാത്തരം തൊഴിലാളിക ളേയും ക്ഷേമനിധി പദ്ധതിയുടെ കീഴിൽ കൊണ്ടുവരിക എന്ന ലക്ഷ്യ ത്തോടെ വിവിധ ക്ഷേമ പദ്ധതികൾ നടപ്പിലാക്കി. അനധികൃത കയ്യേറ്റങ്ങൾ കണ്ടുപിടിക്കാനും ഒഴിപ്പിക്കാനും കേസ് രജിസ്റ്റർ ചെയ്യാനും സാധിച്ചു. ഈ മാസം ഇടുക്കി ജില്ലയിൽ പതിനായിരത്തിലധികം പേർക്ക് ഭൂമി വിതരണം ചെയ്യുന്നതിന് സർക്കാർ തീരുമാനിച്ചിട്ടുള്ളത് സ്വാഗതാർഹമാണ്. സർക്കാർ ഭൂമി പതിച്ചു കിട്ടുന്നവരിൽനിന്നും അത് കൈക്കലാക്കി റിസോർട്ടുകളും വാണിജ്യസ്ഥാപനങ്ങളും കെട്ടിടങ്ങളും നിർമ്മിക്കുന്നത് തടയുവാൻ ശക്ത മായ നിയമം കൊണ്ടുവരണം. ആദിവാസികൾക്ക് നൽകിയ ഭൂമി അന്യാധീ നപ്പെടുത്തുന്നത് തടയാൻ ഇവിടെ നിയമമുണ്ട്. പക്ഷേ നിയമം ലംഘിക്കുന്ന വർക്കെതിരെ ഈ ഗവൺമെന്റ് മാത്രമാണ് കേസ് രജിസ്റ്റർ ചെയ്തിട്ടുള്ളത്.

<u>ശ്രീ. എം. ഉമ്മർ:</u> നന്ദി പ്രമേയത്തെ എതിർക്കുന്നു. അഴിമതിയിൽ മുങ്ങിയ ജനവിരുദ്ധ സർക്കാരാണിത്. . നിത്യോപയോഗ സാധനങ്ങളുടെ വില വർദ്ധിപ്പിച്ചും വൈദ്യുതിക്ക് സർച്ചാർജ്ജ് ഏർപ്പെടുത്തിയും വെള്ളക്കരം വർദ്ധിപ്പിച്ചും സാധാരണക്കാരായ ജനങ്ങളുടെ ജീവിതം ദുസ്സഹ മാക്കി. സ്വാശ്രയ മേഖലയിലെ കോളേജുകളിൽ ഇഷ്ടംപോലെ ഫീസ് ചുമ ത്താനുള്ള വ്യവസ്ഥയുണ്ടാക്കി. കെട്ടിടനികുതി വർദ്ധിപ്പിച്ചു. സച്ചാർ

കമ്മിഷൻ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ മുസ്ലീം കുട്ടികൾക്ക് കേന്ദ്ര സർക്കാർ നടപ്പിലാക്കിയ സ്കോളർഷിപ്പ് ചില നിബന്ധനകളുടെ പേരിൽ ഈ സർക്കാർ നഷ്ടപ്പെടുത്തുകയാണ്. മലപ്പുറം ജില്ലയിലെ ഏറനാട് താലൂക്കിൽ സ്ഥാപിക്കുമെന്ന് ഉറപ്പുനൽകിയിരുന്ന അലിഗഡ് യൂണിവേഴ്സിറ്റി പെരുന്തൽമണ്ണയിൽ സ്ഥാപിക്കാൻ പോകുന്നത് മുസ്ലീം ന്യൂനപക്ഷങ്ങളോടുള്ള കടുത്ത വഞ്ചനയാണ്. സർക്കാർ ആശുപത്രിക്കുവേണ്ടി ഗവൺമെന്റ് അക്വയർ ചെയ്ത ഭൂമി കേരളത്തിലെ സമ്പന്നരായ ആളുകൾക്ക് സ്വകാര്യ ആശുപത്രി നിർമ്മിക്കാനായി വിട്ടുകൊടുക്കാനാണ് സർക്കാർ ശ്രമിച്ചുകൊണ്ടിരിക്കുന്നത്.

<u>ശ്രീ. രാജു എബ്രഹാം</u>: നന്ദി പ്രമേയത്തെ അനുകൂലിക്കുകയാണ്. വീടില്ലാത്ത മുഴുവൻ ആളുകൾക്കും വീട് കൊടുക്കുക എന്ന ലക്ഷ്യം രണ്ട് വർഷംകൊണ്ട് ഈ സർക്കാർ പൂർത്തീകരിക്കും. സ്വന്തമായി ഭൂമിയില്ലാത്ത മുഴുവൻ ആളുകൾക്കും ഭൂമി കൊടുക്കാനുള്ള നടപടികളെടുത്ത ഏക സർക്കാർ ഇതാണ്. നാലായിരം മെഗാവാട്ട് വൈദ്യുതി പത്ത് വർഷം കൊണ്ട് ഉൽപാദിപ്പിക്കാനുള്ള നടപടികൾ ആരംഭിച്ചിരിക്കുകയാണ്. കർഷക പെൻഷൻ 300 രൂപയാക്കി വർദ്ധിപ്പിച്ചു. ഇരുപത്തയ്യായിരം ഏക്കർ സ്ഥലത്ത് പുതുതായി നെൽകൃഷി തുടങ്ങുന്നതിനും തീരുമാനം എടുത്തു. ക്രമസമാധാനപാലനത്തിൽ സംസ്ഥാനം ഏറ്റവും മുന്നിലാണ്. സാമ്പത്തിക മാന്ദ്യം പരിഹരിക്കുന്നതിനുള്ള ഒരു കാര്യവും കേന്ദ്ര ബഡ്ജറ്റിൽ പ്രതിപാദിച്ചിട്ടില്ല. റബ്ബറിന്റെ വില താഴുകയും നാണ്യവിളകളുടെ കയറ്റുമതി നിശ്ചലമാകുകയും ചെയ്തതോടുകൂടി തൊഴിലില്ലാത്ത അവസ്ഥ സംജാതമായിരിക്കുകയാണ്. സംസ്ഥാനം ആവശ്യപ്പെട്ട വായ്പ കേന്ദ്രം നിഷേധിക്കുകയാണുണ്ടായത്. ഇൻഡ്യയിൽ കോൺഗ്രസ് പാർട്ടി രൂപംകൊണ്ട നാൾ മുതൽ കമ്മ്യൂണിസ്റ്റ്

പ്രസ്ഥാനങ്ങളെ തകർക്കാൻ ശ്രമിച്ചുകൊണ്ടിരിക്കുകയാണ്. പാർട്ടിക്കുള്ളിൽ ആര് അഴിമതി നടത്തിയാലും നടപടി സ്വീകരിക്കുന്ന പാർട്ടി യാണ് എൽ.ഡി.എഫ്. വിഴിഞ്ഞം പദ്ധതിയുടെ സ്ഥലമെടുപ്പിന്റെ കാര്യത്തി ലേയ്ക്ക് കിഡ്കോയെ കൊണ്ടുവന്നത് യു.ഡി.എഫ്. സർക്കാരാണ്. ആസന്ന മായിരിക്കുന്ന പാർലമെന്റ് തെരഞ്ഞെടുപ്പിൽ ഐക്യജനാധിപത്യ മുന്നണി കേരളത്തിൽ പരാജയപ്പെടുമെന്നത് നിശ്ചയമാണ്.

<u>ശ്രീ. തോമസ് ഉണ്ണിയാടൻ:</u> നന്ദിപ്രമേയത്തെ എതിർക്കുന്നു. സത്യത്തെ വളച്ചൊടിച്ചുകൊണ്ടുള്ള പ്രസംഗമാണ് ഭരണപക്ഷ എം.എൽ.എ. മാർ നടത്തുന്നത്. 374 കോടി രൂപ സംസ്ഥാനത്തിന് നഷ്ടപ്പെടുത്തിയ കേരളം കണ്ട ഏറ്റവും വലിയ അഴിമതിയാണ് ലാവ്ലിൻ അഴിമതി. അത് നടത്തിയ പാർട്ടിയുടെ ഉന്നത പദവിയിലിരിക്കുന്ന വ്യക്തിയെ സംരക്ഷിക്കുന്ന വർ പാർട്ടിയെ തകർക്കുകയാണ് ചെയ്യുന്നത്. മുത്തങ്ങ സംഭവത്തിലും അഭയ കേസ്സിലും മാറാട് സംഭവത്തിലും സി.ബി.ഐ-യുടെ നിഗമനങ്ങളെ ന്യായീകരിച്ചവർ ലാവ്ലിൻ കേസ്സിൽ മാത്രം സി.ബി.ഐ-യെ തള്ളിപ്പറയു ന്നത് വിരോധാഭാസമാണ്. ലാവ്ലിൻ കേസ്സിൽ കുറ്റാരോപിതരായവർക്കെ തിരെ നടപടി സ്വീകരിക്കണമെന്ന് കേരള ജനത ഒറ്റക്കെട്ടായി ആവശ്യപ്പെടു ന്നുണ്ട്. 332 കോടി രൂപയുടെ നഷ്ടം കേരളത്തിന് ഉണ്ടാക്കിയിട്ടുള്ള വിഴിഞ്ഞം പദ്ധതി നിർമ്മാണത്തിൽ കാലതാമസം നേരിടുന്നതിന്റെ ഉത്തര വാദിത്വം ഇടതുപക്ഷ സർക്കാരിനു തന്നെയാണ്. സംസ്ഥാനത്തിന്റെ നന്മയ്ക്കു വേണ്ടി കക്ഷിഭേദമെന്യേ ഒരുമിച്ചുനിന്ന് പരിശ്രമിക്കണം.

<u>ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി:</u> നന്ദി പ്രമേയത്തെ അനുകൂലിക്കുന്നു. രണ്ട് കേന്ദ്ര ബഡ്ജറ്റുകളിലും കേരളത്തോട് തികഞ്ഞ അനാസ്ഥയും അവഗ

ണനയുമാണ് സ്വീകരിച്ചിരിക്കുന്നത്. ലാഭത്തിൽ പ്രവർത്തിക്കുന്ന പൊതു മേഖലാ സ്ഥാപനമായ കൊച്ചി കപ്പൽ നിർമ്മാണശാലയെ സ്വകാര്യവൽക്കരിക്കാനുള്ള കേന്ദ്ര സർക്കാരിന്റെ നീക്കം സംസ്ഥാനത്തിന്റെ സാമ്പത്തിക സന്തുലിതാവസ്ഥയെ ബാധിക്കും. സംസ്ഥാനത്ത് ഭീകരവാദവും തീവ്രവാദവും വലിയൊരളവുവരെ പിടിച്ചുനിർത്താൻ ആഭ്യന്തരവകുപ്പിന് സാധിച്ചിട്ടുണ്ട്. ജനമൈത്രി പദ്ധതിയിലൂടെ പോലീസിന് ജനകീയ മുഖം നൽകി. സാമ്പത്തിക പുരോഗതിയിൽ ടൂറിസം മേഖല ഒരു നിർണ്ണായക ഘടകമാക്കാൻ നടപടികൾ സ്വീകരിച്ചുകൊണ്ടിരിക്കുന്നു. മുഴുപ്പിലങ്ങാട് ഡ്രൈവ് ഇൻ ബീച്ചിന്റെ പ്രവർത്തനങ്ങൾ വ്യാപിപ്പിച്ച് സംസ്ഥാനതലത്തിൽ ഏറ്റവും വലിയ പ്രോജക്ടാക്കി മാറ്റാനുള്ള ശ്രമങ്ങൾ നടക്കുകയാണ്. ആഗോളതലത്തിലുണ്ടായ സാമ്പത്തിക പ്രതിസന്ധി നേരിടാൻ ബഡ്ജറ്റിൽ സാമ്പത്തിക പാക്കേജ് ഉണ്ടാക്കി സംസ്ഥാനത്തിന്റെ സാമ്പത്തിക ഭദ്രത ഉറപ്പാക്കണം. സർക്കാർ ജീവനക്കാരുടെ ഡി.എ. കുടിശ്ശികയും കരാറുകാരുടെ കുടിശ്ശികയും കൊടുത്തുതീർത്തു. സംസ്ഥാനത്തെ വികസന പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തിക്കൊണ്ടിരിക്കുകയാണ്. പെൻഷൻ തുക വർദ്ധിപ്പിച്ചതുൾപ്പെടെയുള്ള സാമൂഹ്യക്ഷേമ പ്രവർത്തനങ്ങൾ നടപ്പാക്കിക്കൊണ്ടിരിക്കുകയാണ്. ട്രഷറികളിൽ പൗരാവകാശ രേഖ, സോഷ്യൽ ആഡിറ്റ് തുടങ്ങിയ സംവിധാനം നടപ്പാക്കിയത് ഗവൺമെന്റിന്റെ ഇച്ഛാശക്തി വെളിവാക്കുന്നതാണ്. പാഠ്യ പദ്ധതി പരിഷ്ക്കരണം, പഠന സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ എന്നിവയിലൂടെ വിദ്യാഭ്യാസ മേഖലയിൽ ശ്രദ്ധേയമായ മാറ്റങ്ങളുണ്ടാക്കി. എല്ലാവർക്കും വിദ്യാഭ്യാസം ലഭ്യമാക്കണമെന്ന ഗാന്ധിയൻ ദർശനങ്ങൾ പ്രാവർത്തികമാക്കി. ഒന്നാം സ്റ്റാൻഡേർഡ് മുതൽ എട്ടാം സ്റ്റാൻഡേർഡ് വരെയുള്ള കുട്ടികൾക്ക് സൗജന്യമായി പാഠപുസ്തകങ്ങൾ നൽകി. ഉന്നത

വിദ്യാഭ്യാസ കൗൺസിൽ, കലാകാരന്മാരെയും അവശകലാകാരന്മാരെയും സഹായിക്കുന്ന പദ്ധതി എന്നിവയ്ക്ക് രൂപം നൽകി. വൈദ്യുതി പ്രതിസന്ധി ജനജീവിതത്തെ ബാധിക്കാത്ത നിലയിലുള്ള ശാസ്ത്രീയ സമീപനം സ്വീകരിച്ചു. ആദിവാസി കോളനികൾ വൈദ്യുതീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു. 103 മെഗാവാട്ട് ഉല്പാദനശേഷിയുള്ള പുതിയ പദ്ധതികൾ ആരംഭിക്കുന്നതിലൂടെ സംസ്ഥാനത്തിന്റെ വൈദ്യുതി മേഖലയിൽ സ്വയംപര്യാപ്തത കൈവരിക്കാൻ കഴിയും. പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങൾക്കും ബി.പി.എൽ വിഭാഗങ്ങൾക്കും സൗജന്യമായി സി.എഫ്.എൽ ലാമ്പ് നൽകുന്നതിനുള്ള നടപടി സ്വീകരിച്ചു. കാലവർഷത്തിൽ തകർന്ന റോഡുകളുടെ മെയിന്റനൻസ് നടത്താനുള്ള നടപടികൾ സ്വീകരിച്ചു. ഗതാഗത മേഖലയിൽ വമ്പിച്ച മാറ്റങ്ങളുണ്ടാക്കാൻ സാധിച്ചു. കരാറുകാരുടെ കുടിശ്ശിക കൊടുത്തുതീർത്തതുമൂലം പല പദ്ധതികളും സമയബന്ധിതമായി പൂർത്തീകരിക്കാൻ കഴിഞ്ഞു. വിഷൻ 2010 എന്ന പദ്ധതിയിലൂടെ രണ്ട് കോടി രൂപ വീതം എല്ലാ നിയോജകമണ്ഡലങ്ങൾക്കും അനുവദിക്കുമെന്ന പ്രഖ്യാപനം സ്വാഗതാർഹമാണ്. റെയിൽവേ പാലങ്ങളുടെ പണി പൂർത്തിയാക്കുന്നതിന് സാധിച്ചിട്ടുണ്ട്. വിവിധ തലത്തിലുള്ള മൂലധന നിക്ഷേപങ്ങൾ ഉപയോഗിച്ചുകൊണ്ട് കേരളത്തിൽ വിവിധ തരത്തിലുള്ള വികസന പ്രവർത്തനങ്ങൾ നടത്തുകയാണ്. റോഡ് വികസനത്തിന് 3,000 കോടി രൂപ പ്രഖ്യാപിച്ചിട്ടുണ്ട്. ജലസേചന മേഖലയിൽ വളരെയധികം ആശ്വാസകരമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. വരൾച്ച കെടുതികൾ പരിഹരിക്കുന്നതിന് വിവിധ തലങ്ങളിൽ യോഗം വിളിക്കുകയും പ്രതിരോധ പ്രവർത്തനങ്ങൾക്കുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തു. ജലനയം പ്രഖ്യാപിച്ചതിലൂടെ പുതിയ ജലസ്രോതസ്സുകൾ കണ്ടെത്തുവാനും ജലസംഭരണം വർദ്ധിപ്പിക്കുവാനും സാധിച്ചു. വിതരണ

ശൃംഖല ശക്തമാക്കി വിലക്കയറ്റം തടയുന്നതിനുള്ള നടപടി സ്വീകരിച്ചു. കർഷകരുടെ കടബാദ്ധ്യതകൾക്ക് പരിഹാരം കണ്ടെത്തി. ആയിരക്കണക്കിന് ഏക്കർ ഭൂമി കൃഷിക്ക് ഉപയുക്തമാക്കാനുള്ള പരിപാടി നടപ്പിലാക്കിയതിലൂടെ കാർഷക ആത്മഹത്യകൾ കുറയ്ക്കാൻ സാധിച്ചു. ഉൽപ്പാദന വർദ്ധനവിനാവശ്യമായ സാഹചര്യങ്ങൾ സൃഷ്ടിച്ചു. വനമേഖലയെ സംരക്ഷിക്കുന്നതിന് വന സംരക്ഷണ നിയമം പ്രാവർത്തികമാക്കി. വീടില്ലാത്തവർക്ക് വീട് നിർമ്മിച്ചുകൊടുക്കുന്ന പദ്ധതി നടപ്പിലാക്കി. ഇ.എം.എസ് പാർപ്പിട പദ്ധതിക്ക് 50,000 കോടി രൂപ നീക്കിവയ്ക്കുകയും ആദിവാസികൾക്ക് പട്ടയം നൽകുന്നതിനുള്ള തീരുമാനമെടുക്കുകയും ചെയ്തു. കുട്ടികൾക്കുണ്ടാകുന്ന ക്യാൻസറിന് സൗജന്യ രോഗപരിശോധനാ സംവിധാനങ്ങൾ നടപ്പിലാക്കിയത് സ്വാഗതാർഹമാണ്. വയോജനങ്ങൾക്ക് കൂടുതൽ ആരോഗ്യകരമായ ചികിത്സ നൽകുന്നതിനുള്ള നടപടി സ്വീകരിക്കണം. പൂട്ടിക്കിടന്ന പൊതുമേഖലാ സ്ഥാപനങ്ങൾ തുറന്നുപ്രവർത്തിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കുകയും വ്യവസായ നിക്ഷേപത്തിനുള്ള സാഹചര്യങ്ങളൊരുക്കുകയും ചെയ്തു. മലബാർ മേഖലയിൽ കെ.എസ്.ആർ.ടി.സി. ആയിരം ബസ്സുകൾ പുതിയതായി ഇറക്കുകയും ബസ് ചാർജ് കുറയ്ക്കാനുള്ള തീരുമാനമെടുക്കുകയും ചെയ്തു. സഹകരണ മേഖലയെ ജനകീയവൽക്കരിക്കാൻ കഴിഞ്ഞു. സുനാമി ദുരന്തംമൂലം ഫിഷറീസ് മേഖലയിലുണ്ടായ നാശനഷ്ടങ്ങൾക്ക് പരിഹാരം കാണാൻ ഈ ഗവൺമെന്റിന് സാധിച്ചിട്ടുണ്ട്.

<u>ശ്രീമതി കെ.കെ. ലതിക:</u> നന്ദിപ്രമേയത്തെ അനുകൂലിക്കുന്നു. ചെലവുകൾ വെട്ടിക്കുറയ്ക്കാതെ വരുമാനം വർദ്ധിപ്പിക്കുന്ന വ്യക്തമായ ധനമാനേജുമെന്റാണ് ഈ ഗവൺമെന്റ് നടപ്പിലാക്കുന്നത്. ക്ഷേമപെൻഷനുകൾ വർദ്ധിപ്പിക്കുകയും കുടിശ്ശികകൾ കൊടുത്തുതീർക്കുകയും ചെയ്തു. കക്ഷി

രാഷ്ട്രീയ ഭേദമെന്യേ വിഷൻ 2010-ന്റെ ഭാഗമായി എം.എൽ.എ.മാർക്ക് രണ്ടു കോടി രൂപ വീതം നൽകി. തോട്ടവിളകളുടെ ഉൽപ്പാദനം ഒരു കാലത്ത് വർദ്ധിച്ചുവെങ്കിലും ശാസ്ത്രീയമായ ഗൈഡൻസില്ലാതിരുന്നതിനാൽ അത് തകർച്ചയിലേയ്ക്ക് പോയി. ആഗോളവൽക്കരണ നയത്തിന്റെ ഫലമായി കാർഷിക-വ്യാവസായിക മേഖലകൾ തകർന്നു. കേരളത്തിന് അനുവദിച്ച സ്റ്റാറ്റ്യൂട്ടറി റേഷനിംഗ് സംവിധാനം തകർത്ത് ജനങ്ങളെ പട്ടിണിയിലാക്കാനുള്ള ശ്രമമാണ് കേന്ദ്രത്തിൽ നിന്നുണ്ടായിട്ടുള്ളത്. ആരോഗ്യ രംഗത്ത് ഏകീകൃത നിയമനിർമ്മാണത്തിന്റെ പോരായ്മയുണ്ട്. കാലഹരണപ്പെട്ട നിയമങ്ങൾ മാറ്റിയെഴുതണം. 'സുവർണ്ണ കേരളം' പദ്ധതിയിലൂടെ നെൽക്കൃഷി ചെയ്യുന്ന ഭൂമിയുടെ അളവ് വർദ്ധിപ്പിക്കാൻ കഴിയും. നബാർഡിന്റെ സഹായത്തോടെ 15.5 കോടി രൂപയുടെ വികസന പ്രവർത്തനങ്ങൾ നടത്തുന്നതോടൊപ്പം വിത്തും വളവും കൂടി കൃഷിക്കാർക്ക് സൗജന്യമായി കൊടുക്കണം. തരിശ്ശായി കിടക്കുന്ന ഭൂമിയിൽ കൃഷി ചെയ്യാനുള്ള പ്രവർത്തനം നടത്തേണ്ടതുണ്ട്. കാർഷിക മേഖലയിൽ നിന്നും യുവജനങ്ങൾ പിൻമാറുന്ന അവസ്ഥയുള്ളതുകൊണ്ട് അവർക്ക് ഈ രംഗത്ത് തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനുള്ള പദ്ധതികൾക്ക് രൂപം കൊടുക്കണം. സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങൾ ആധുനിക ട്രേഡുകളോടുകൂടി ആരംഭിക്കണം. ഐ.ടി.ഐ കളും ഐ.ടി..സി കളും ആരംഭിക്കുമ്പോൾ മലബാറിന് അർഹമായ പ്രാധാന്യം നൽകണം. ഈ ഗവൺമെന്റ് ഏഴ് മണ്ഡലങ്ങളിൽ സമ്പൂർണ്ണ വൈദ്യുതീകരണം നടപ്പിലാക്കുകയും എല്ലാ ജില്ലകളിലും സമ്പൂർണ്ണ വൈദ്യുതീകരണത്തിന് വേണ്ടിയുള്ള നടപടികളുമായി മുന്നോട്ട് പോവുകയുമാണ്. ജലപാതകളുടെ വികസനത്തിന്

സർക്കാർ വലിയ പ്രാധാന്യം നൽകിയിട്ടുണ്ടെങ്കിലും നയപ്രഖ്യാപനത്തിൽ അത് പരാമർശിച്ചിട്ടില്ല. ഉൾനാടൻ ജലഗതാഗതത്തിന് ഊന്നൽ നൽകണം. മലബാർ മേഖലയുടെ വികസനത്തിനായി പ്രത്യേക പാക്കേജുണ്ടാക്കാൻ തീരുമാനിച്ചിരിക്കുന്നത് സ്വാഗതാർഹമാണ്. വനിതാ നയം രൂപീകരിക്കുന്നതിനാവശ്യമായ പ്രവർത്തനങ്ങൾ നടക്കുന്നുവെന്നുള്ളത് അഭിമാനകരമാണ്.

<u>ശ്രീ. യു.സി. രാമൻ</u> : നന്ദിപ്രമേയത്തെ എതിർക്കുന്നു. കർഷകന്റെ പേരിൽ മുതലക്കണ്ണീർ ഒഴുക്കുകയാണ് ഈ ഗവൺമെന്റ് ചെയ്യുന്നത്. കർഷകസ്നേഹം പറഞ്ഞ് അധികാരത്തിൽ വന്ന ഈ ഗവൺമെന്റ് ഇന്ന് ലോട്ടറി മാഫിയകളെ സഹായിക്കാൻ വിവിധ തരത്തിലുള്ള ലോട്ടറികളുമായി മുന്നോട്ട് വന്നിരിക്കുകയാണ്. മുൻ ഗവൺമെന്റിന്റെ പദ്ധതികളുടെ പൂർത്തീകരണമല്ലാതെ ഒരു വികസന പ്രവർത്തനങ്ങളും ഇപ്പോൾ നടക്കുന്നില്ല. കേന്ദ്രാവിഷ്കൃത പദ്ധതികളുടെ കടയ്ക്കൽ കത്തിവയ്ക്കുന്ന സമീപനമാണ് സംസ്ഥാന സർക്കാർ കൈക്കൊള്ളുന്നത്. കഴിഞ്ഞ രണ്ടരക്കൊല്ലം കൊണ്ട് വെള്ളം, വൈദ്യുതി തുടങ്ങി എല്ലാ മേഖലകളിലും ചാർജ് വർദ്ധിപ്പിച്ചു. ഈ സർക്കാർ അധികാരത്തിൽ വന്നശേഷം തദ്ദേശ ഭരണസ്ഥാപനങ്ങളിൽ നടന്ന മിക്ക തെരഞ്ഞെടുപ്പിലും ഇടതുപക്ഷ ജനാധിപത്യമുന്നണി പരാജയപ്പെട്ടു. അടുത്ത പാർലമെന്റ് തെരഞ്ഞെടുപ്പിലും ഇതുതന്നെയായിരിക്കും ഫലം.

<u>ശ്രീ. പി. വിശ്വൻ</u> : നന്ദിപ്രമേയത്തെ അനുകൂലിക്കുന്നു. ആഗോളീകരണം മനുഷ്യരാശിയെ പ്രതികൂലമായി ബാധിക്കുന്നതിനെ ചെറുത്തു നിൽക്കാൻ കേരളീയ സമൂഹം ശ്രമിച്ചുകൊണ്ടിരിക്കുകയാണ്. കേരളത്തിലെ മുഴുവൻ ജനങ്ങളുടേയും ആശ്രയ കേന്ദ്രമായി ഈ സർക്കാർ

മാറിക്കൊണ്ടിരിക്കുന്നു. മത-ന്യൂനപക്ഷങ്ങളുടെ പങ്കാളിത്തം ഈ സർക്കാരിന് ലഭിച്ചുകൊണ്ടിരിക്കുകയാണ്. യാഥാർത്ഥ്യബോധത്തോടെ കാര്യങ്ങൾ നോക്കിക്കാണാൻ പ്രതിപക്ഷം ശ്രമിക്കണം. ഇൻഡ്യയെ എങ്ങനെ മുന്നോട്ടു കൊണ്ടുപോകണമെന്ന വ്യക്തമായ കാഴ്ചപ്പാടുള്ള പാർട്ടിയാണ് സി.പി.ഐ.(എം.) മൽസ്യത്തൊഴിലാളികൾക്കുള്ള പെൻഷൻ 200 രൂപയാക്കി വർദ്ധിപ്പിച്ചതും 31 മാസത്തെ പെൻഷൻ കുടിശ്ശിക കൊടുത്തുതീർത്തതും നാല് ലക്ഷത്തോളം വരുന്ന കയർത്തൊഴിലാളികളുടെ പെൻഷൻ 200 രൂപയാക്കി വർദ്ധിപ്പിച്ചതും കർഷക തൊഴിലാളി പെൻഷൻ 300 രൂപയാക്കി ഉയർത്തിയതും ഈ സർക്കാരാണ്.

<u>ശ്രീ.കെ.കെ. ഷാജു</u> : നന്ദിപ്രമേയത്തെ എതിർക്കുന്നു. സമസ്ത മേഖലകളിലും പരാജയപ്പെട്ട ജനങ്ങളോട് പ്രതിബദ്ധതയില്ലാത്ത ഈ സർക്കാർ സാർവ്വദേശീയം പറയുന്നതല്ലാതെ ജനങ്ങൾക്കുവേണ്ടി യാതൊന്നും ചെയ്യുന്നില്ല. ഇപ്പോൾ ആഗോള സാമ്പത്തികമാന്ദ്യത്തിന്റെ പേരുംപറഞ്ഞ് ജനങ്ങളെയാകെ കബളിപ്പിച്ച് മുന്നോട്ടുപോകുകയാണ്. വ്യാവസായിക മേഖലയിലും കാർഷിക മേഖലയിലും ആരോഗ്യ മേഖലയിലും ഈ സർക്കാർ സമ്പൂർണ്ണ പരാജയമാണ്. ലക്ഷക്കണക്കിന് കുട്ടികൾ ഉച്ചക്കഞ്ഞിക്കുവേണ്ടിമാത്രം സ്കൂളിൽ പോകുന്ന ഇന്നത്തെ അവസ്ഥയിൽ അമ്യൂസ്മെന്റ് പാർക്കിന്റെയും ഹോട്ടലുകളുടെയും നിർമ്മാണവുമായി ഈ സർക്കാർ മുന്നോട്ട് പോകുകയാണ്.

<u>ശ്രീ. രാജാജി മാത്യു തോമസ് :</u> നന്ദിപ്രമേയത്തെ അനുകൂലിക്കുന്നു. രാഷ്ട്രീയ-സാമ്പത്തിക-സാമൂഹിക യാഥാർത്ഥ്യങ്ങളോട് ഈ ഗവൺമെന്റ് തുടർന്നുവരുന്ന ക്രിയാത്മകവും യാഥാർത്ഥ്യബോധത്തോടുകൂടിയതുമായ പ്രതികരണമാണ് നയപ്രഖ്യാപന പ്രസംഗത്തിൽ പ്രതിഫലിക്കുന്നത്.

ജനങ്ങളുടെ ഇടയിൽ ആശയക്കുഴപ്പം സൃഷ്ടിക്കാനും കേന്ദ്ര ഗവൺമെന്റ് അനുവർത്തിക്കുന്ന ജനവിരുദ്ധ നിലപാടുകൾ മറച്ചുവയ്ക്കാനുമാണ് പ്രതി പക്ഷാംഗങ്ങൾ ശ്രമിച്ചുകൊണ്ടിരിക്കുന്നത്. രണ്ട് ലക്ഷത്തോളം വരുന്ന കർഷകരെ ആത്മഹത്യയിലേയ്ക്ക് നയിച്ചതും ഭക്ഷ്യമേഖലയിൽ സ്വയം പര്യാപ്തത കൈവരിച്ച ഇന്ത്യയെ ഭക്ഷ്യപ്രതിസന്ധിയിലേയ്ക്ക് തള്ളിവിട്ടതും ഭക്ഷ്യ സുരക്ഷ പൂർണ്ണമായി തകർത്തതും കേന്ദ്ര സർക്കാർ പിന്തുടർന്ന വിക ലമായ നയങ്ങളുടെ ഫലങ്ങളാണ്. രാജ്യത്തെ 30 കോടി ജനങ്ങളെ ദാരിദ്ര്യ ത്തിലേയ്ക്ക് ചവിട്ടിതാഴ്ത്തിയതും ലക്ഷക്കണക്കിന് പൗരൻമാരെ തൊഴിൽരഹിതരാക്കിയതും ലക്ഷക്കണക്കിന് നിക്ഷേപകരേയും ആയിരക്ക ണക്കിന് ജീവനക്കാരേയും തെരുവാധാരമാക്കിയതും കേന്ദ്ര സർക്കാരിന്റെ കപട സാമ്പത്തിക നയങ്ങൾ മൂലമാണെന്നുള്ള കാര്യം ജനങ്ങൾ തിരിച്ചറി ഞ്ഞുകഴിഞ്ഞു. സുരക്ഷാ ഏജൻസികൾ നൽകിയ മുന്നറിയിപ്പുകൾ അവഗ ണിച്ചുകൊണ്ട് രാജ്യത്തേയും ജനങ്ങളേയും ഭീകരതയ്ക്ക് ഇരകളാക്കിയ കേന്ദ്ര ഗവൺമെന്റിന്റെ നടപടികളെ അനുകൂലിക്കുന്ന സമീപനമാണ് യു.ഡി. എഫ് സ്വീകരിച്ചത്. ഇന്ത്യയുടെ പ്രഖ്യാപിതമായ രാഷ്ട്രീയ തത്വങ്ങളേയും ഉന്നതമായ മാനവീകതയേയും കാറ്റിൽപറത്തുന്ന പ്രതിലോമ വിദേശ നയ മാണ് കേന്ദ്ര സർക്കാർ സ്വീകരിക്കുന്നത്. ആണവ സഹകരണ കാര്യത്തിൽ രാഷ്ട്രത്തിന്റെ സ്വാതന്ത്ര്യത്തേയും പരമാധികാരത്തേയും അമേരിക്കൻ സാമ്രാജ്യത്വത്തിന് അടിയറവ് വച്ചു. ക്രൂഡോയിലിന്റെ വില ബാരലിന് 40 ഡോളർ ആയി കുറഞ്ഞിട്ടും അതിനനുസരിച്ച് പെട്രോളിയം ഉല്പന്നങ്ങളുടെ വില കുറയ്ക്കാതെ ജനങ്ങളെ ദുരിതത്തിലാഴ്ത്തുന്ന സമീപനമാണ് കേന്ദ്ര സർക്കാർ സ്വീകരിച്ചത്. മാത്രമല്ല, കേരളത്തിനർഹതപ്പെട്ട റേഷൻ വിഹിതം വെട്ടിക്കുറയ്ക്കുകയും ചെയ്തു. യു.ഡി.എഫ് സർക്കാരിന്റെ ഭരണകാലത്ത്

അട്ടിമറിക്കപ്പെട്ട സാമൂഹ്യ സുരക്ഷാ പെൻഷൻ പദ്ധതികൾ പുന:സ്ഥാപിച്ചതു വഴി കർഷകർ ഉൾപ്പെടെ അസംഘടിത മേഖലയിലെ അനേകായിരങ്ങളെ സുരക്ഷാവലയത്തിൻകീഴിൽ കൊണ്ടുവരാൻ ഈ ഗവൺമെന്റിന് കഴിഞ്ഞു. കാർഷിക രംഗത്ത് നവജീവൻ പകർന്നുകൊണ്ട് കൂടുതൽ വളർച്ച ലക്ഷ്യം വച്ച് 2009-10 വർഷം കൃഷിക്ക് പ്രഥമ പരിഗണന നൽകിയെന്ന കാര്യം നയപ്രഖ്യാപന പ്രസംഗത്തിൽ പറയുന്നുണ്ട്. ഈ ഗവൺമെന്റിന്റെ കാര്യക്ഷമമായ ധനകാര്യ മാനേജ്മെന്റിന്റെ ഫലമായി ഒരു ദിവസം പോലും ട്രഷറി അടച്ചുപൂട്ടേണ്ടി വന്നില്ല. കരാറുകാരുടെ കുടിശ്ശിക മുഴുവൻ കൊടുത്തുതീർത്ത് പശ്ചാത്തല വികസനത്തിൽ മുന്നേറാൻ കഴിഞ്ഞു. നടപ്പു സാമ്പത്തിക വർഷത്തിൽ 8860 കോടി രൂപയുടെ പശ്ചാത്തല വികസന പദ്ധതികളാണ് വിഭാവനം ചെയ്തിട്ടുള്ളത്. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് അടച്ചു പൂട്ടിയതും നഷ്ടത്തിലായതുമായ പൊതുമേഖലാസ്ഥാപനങ്ങളെ തുറന്ന് പ്രവർത്തിപ്പിക്കാനും ലാഭത്തിലാക്കാനും സർക്കാരിന് സാധിച്ചു. സംസ്ഥാനത്തെ പൊതു വിതരണ സംവിധാനം ശക്തിപ്പെടുത്തി. നമ്മുടെ സംസ്ഥാനത്തിന്റെ ഉത്തമ താല്പര്യങ്ങൾ സംരക്ഷിച്ച് കാർഷിക-വ്യവസായ -ആരോഗ്യ-വിദ്യാഭ്യാസ മേഖലകളെ കൂടുതൽ ഔന്നിത്യത്തിൽ എത്തിക്കുന്ന പദ്ധതികൾ ഈ നയപ്രഖ്യാപന പ്രസംഗത്തിൽ പ്രഖ്യാപിച്ചിട്ടുണ്ട്.

<u>ശ്രീ. പി. ജയരാജൻ :</u>നന്ദിപ്രമേയത്തെ അനുകൂലിക്കുന്നു. വിദേശ ശക്തികളുടെ പിൻബലത്തോടെ നമ്മുടെ രാജ്യത്ത് ഭീകരാക്രമണം നടക്കുന്ന കാഴ്ചയാണ് കാണുന്നത്. കേരളത്തിൽ നിന്നും യുവതീ-യുവാക്കളെ ഭീകരപ്രവർത്തനത്തിനായി റിക്രൂട്ട് ചെയ്യുന്ന അവസ്ഥ ഉണ്ടായിരിക്കുകയാണ്. ജനാധിപത്യവും മതനിരപേക്ഷതയും ഉയർത്തിപ്പിടിച്ച്

ഭീകരവാദത്തെയും വർഗ്ഗീയവാദത്തേയും പരാജയപ്പെടുത്തണം. ഇൻഡ്യയിലുടനീളം നടന്നുകൊണ്ടിരിക്കുന്ന ന്യൂനപക്ഷ വേട്ടയ്ക്കെതിരെ കോൺഗ്രസ്സ് മൃദു സമീപനമാണ് സ്വീകരിക്കുന്നത്. വർഗ്ഗീയ ശക്തികൾ നിയമം കയ്യിലെടുക്കുന്ന അവസ്ഥയാണ് കർണ്ണാടക പോലുള്ള സംസ്ഥാനങ്ങളിൽ കാണാൻ കഴിയുന്നത്. സുരക്ഷിത ഇൻഡ്യയുണ്ടാ കണമെങ്കിൽ രാജ്യത്ത് മതനിരപേക്ഷത അത്യന്താപേക്ഷിതമാണ്. വർഗ്ഗീയ ഫാസിസ്റ്റ് ശക്തികൾ നടത്തുന്ന അതിക്രമങ്ങൾ തടയുന്നതിന് രാഷ്ട്രീയ പാർട്ടികൾക്ക് മാത്രമല്ല മുഖ്യധാരാ പത്രങ്ങൾക്കും ഉത്തരവാദിത്വം ഉണ്ട്. ഈ ഗവൺമെന്റിന്റെ നേട്ടങ്ങളെക്കുറിച്ച് വളരെ വ്യക്തമായി നയപ്രഖ്യാപന പ്രസംഗത്തിൽ പറഞ്ഞിട്ടുണ്ട്. മതനിരപേക്ഷ ഗവൺമെന്റായിട്ടാണ് ഈ ഗവൺമെന്റ് പ്രവർത്തിക്കുന്നത്. എന്നാൽ വിശ്വാസികൾക്ക് രക്ഷയില്ലെ ന്നുള്ള പ്രചരണമാണ് ഇവിടെ നടത്തിക്കൊണ്ടിരിക്കുന്നത്. മുൻവർഷങ്ങളെ അപേക്ഷിച്ച് ശബരിമലയിൽ കൂടുതൽ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കി യിട്ടുണ്ട്. തൃക്കുന്നത്ത് പള്ളിയിലെ സംഘർഷം ഒഴിവാക്കാൻ ഈ ഗവൺമെന്റ് സ്വീകരിച്ച സമീപനം ശ്ലാഘനീയമാണ്. സംസ്ഥാനത്ത് ആദ്യ മായി ഹജ്ജ്ഹൗസ് സ്ഥാപിച്ചത് ഈ സർക്കാരാണ്. കഴിഞ്ഞ യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് എസ്.എൻ.സി. ലാവ്‌ലിനുമായിട്ടുള്ള എഗ്രിമെന്റ് പുതുക്കാത്തതുകൊണ്ടാണ് കോടിക്കണക്കിന് രൂപയുടെ നഷ്ടമുണ്ടായിട്ടു ള്ളത്.

പ്രതിപക്ഷ നേതാവ് (ശ്രീ. ഉമ്മൻചാണ്ടി): നന്ദി പ്രമേയത്തെ എതിർക്കുന്നു. ഇവിടെ നടന്ന നന്ദിപ്രമേയ ചർച്ച വിലയിരുത്തുമ്പോൾ ഗവൺമെന്റ് എത്രത്തോളം അതിന് വിലകൽപ്പിക്കുന്നു എന്നുള്ളത് മനസ്സിലാ ക്കാവുന്നതാണ്. നയപ്രഖ്യാപനത്തിലെ ഉള്ളടക്കം ആവർത്തനം മാത്രമാണ്.

ലക്ഷംവീട് നവീകരണം സംബന്ധിച്ച് പതിനാലായിരം വീടുകൾ ഏറ്റെടുത്ത് നടത്തുമെന്ന് 2008-ൽ ഗവൺമെന്റ് പ്രഖ്യാപിച്ചു. ഇ.എം.എസ്. പാർപ്പിട പദ്ധതിക്കുവേണ്ടി മാറ്റിവച്ച തുകയിൽ 25 ലക്ഷം രൂപ മാത്രമാണ് സർക്കാർ ചെലവഴിച്ചിട്ടുള്ളത്. ആരോഗ്യസുരക്ഷാ ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കു മെന്ന് പ്രഖ്യാപിച്ചുവെങ്കിലും ഇതുവരെ നടപ്പിലാക്കാൻ കഴിഞ്ഞിട്ടില്ല. പൊതുമരാമത്ത് വകുപ്പിന്റെ കീഴിലുള്ള പ്രവർത്തനങ്ങൾ യുദ്ധകാലാടിസ്ഥാ നത്തിൽ പൂർത്തിയാക്കുമെന്ന പ്രഖ്യാപനം യാഥാർത്ഥ്യമായിട്ടില്ല. നാഷണൽ ഹൈവേ 47-ഉം 17-ഉം ആറുവരിപ്പാതയാക്കുന്നതിന് കേന്ദ്രത്തിൽനിന്ന് അനുവദിച്ച 3051 കോടി രൂപ ടോൾ പിരിക്കാൻ പറ്റില്ലെന്നുപറഞ്ഞ് ലാപ്സാക്കി. മൂന്നാറിലെ മിച്ചഭൂമി പിടിച്ചെടുത്ത് വിതരണം ചെയ്യുമെന്നത് പ്രഖ്യാപനത്തിൽ മാത്രമായി ഒതുങ്ങി. സ്മാർട്ട് സിറ്റിക്ക് തറക്കല്ലിട്ടതല്ലാതെ പദ്ധതി പ്രവർത്തനം മുന്നോട്ടു പോയില്ല. ഗവൺമെന്റിന്റെ കാര്യക്ഷമമായ പ്രവർത്തനം പ്ലാൻ എക്സ്പെന്റിച്ചറിനെ ആശ്രയിച്ചാണിരിക്കുന്നത്. 2006-07 മുതൽ അത് കുറഞ്ഞുകൊണ്ടിരിക്കുകയാണ്. ആഗോള സാമ്പ ത്തിക പ്രതിസന്ധി തുടങ്ങുന്നതിനു മുമ്പുള്ള കാലത്തെ സാമ്പത്തിക സർവ്വെ റിപ്പോർട്ട് ബഡ്ജറ്റ് അവതരണ വേളയിൽ സഭയിൽ വയ്ക്കുമെന്നി രിക്കെ, അതിനു മുമ്പു തന്നെ വളർച്ചാ നിരക്ക് രണ്ട് ശതമാനം കുറയുമെന്ന് ധനമന്ത്രി പറയുന്നതിന്റെ ഉദ്ദേശം അവ്യക്തമാണ്. പ്ലാൻ എക്സ്പെന്റിച്ചർ വെട്ടിക്കുറച്ച് ട്രഷറി എല്ലാ ദിവസവും തുറന്നു പ്രവർത്തിപ്പിച്ചു എന്നുപറയു ന്നത് കഴിവുറ്റ ധനകാര്യ മാനേജ്മെന്റിനെയല്ല കാണിക്കുന്നത്. സംസ്ഥാനത്തു പ്രവർത്തിക്കുന്ന കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങൾ അഭിമാനകരമായ പ്രവർത്തനങ്ങൾ കാഴ്ച വയ്ക്കുന്നത് സംസ്ഥാനത്തിന്റെ നേട്ടമായിട്ടാണ് നയപ്രഖ്യാപന പ്രസംഗത്തിൽ പറയുന്നത്. അഞ്ച് വർഷം

കൊണ്ട് മൊത്തം 32629.32 കോടി രൂപയുടെ പദ്ധതികളാണ് യു.പി.എ. ഗവൺമെന്റ് സംസ്ഥാനത്തിന് അനുവദിച്ചത്. സഹകരണ പാക്കേജ്, ആരോഗ്യ ഇൻഷ്വറൻസ്, നബാർഡ് വായ്പ എന്നിവയിൽ അനുവദിച്ച തുക സംസ്ഥാനം വാങ്ങുന്നില്ല. കൊച്ചിൻ യൂണിവേഴ്സിറ്റിയെ ഇൻഡ്യൻ ഇൻസ്റ്റി റ്റ്യൂട്ട് ഓഫ് എഞ്ചിനീയറിംഗ് സയൻസ് ആന്റ് ടെക്നോളജി ആക്കി ഉയർത്തു ന്നതിന് അനുവദിച്ച തുകയിലെ ആദ്യ ഗഡുവായ 16 കോടി രൂപ മാത്രം വാങ്ങുകയും ബാക്കി തുക ലാപ്സാക്കുകയും ചെയ്തു. സ്റ്റോക്കിൽ കുറവുവരികയും സർപ്ലസ് സ്റ്റേറ്റുകൾ സഹായിക്കാതിരിക്കുകയും ചെയ്ത സാഹചര്യത്തിലാണ് കേന്ദ്ര സർക്കാർ സംസ്ഥാനത്തിനുള്ള അരിവിഹിതം വെട്ടിക്കുറച്ചത്. സ്റ്റോക്ക് മെച്ചപ്പെട്ട സാഹചര്യത്തിൽ 47000 ടൺ അരി അനുവദിച്ചിട്ടുണ്ട്. സ്ക്കൂൾ കുട്ടികൾക്ക് ഉച്ചക്കഞ്ഞിക്കായി കേന്ദ്ര സർക്കാർ സൗജന്യമായി അനുവദിച്ച അരി കിലോയ്ക്ക് 14 രൂപ വിലയ്ക്ക് മറിച്ചുവിറ്റ ഗവൺമെന്റാണിത്. മിച്ചം വരുന്ന അരി കുട്ടികൾക്ക് അർഹതപ്പെട്ടതായതി നാൽ അത് അവരുടെ വീടുകളിൽത്തന്നെ കൊണ്ടുപോകാൻ അനുവദി ക്കണമായിരുന്നു. നിത്യോപയോഗ സാധനങ്ങളുടെ വിലക്കയറ്റം നിയന്ത്രി ക്കുന്നതിൽ ഈ സർക്കാർ പരാജയപ്പെട്ടു. മാർക്കറ്റ് ഇന്റർവെൻഷൻ നടത്തുന്നതിനു പകരം സാധനങ്ങൾ വില കൂട്ടി വിൽപ്പന നടത്തിയാണ് സിവിൽ സപ്ലൈസ് കോർപ്പറേഷൻ ലാഭത്തിലാക്കിയത്. കേന്ദ്രം പെട്രോൾ, ഡീസൽ വില കുറച്ച സാഹചര്യത്തിൽ അതിന് ആനുപാതികമായി വില കുറയ്ക്കുന്നതിനു പകരം അവയുടെ ടാക്സ് യഥാക്രമം 29 ശതമാനവും 26 ശതമാനവുമായി വർദ്ധിപ്പിച്ചിരിക്കുകയാണ്. വിലയിടിവ് ഉണ്ടായതിനു ശേഷവും പെട്രോൾ, ഡീസൽ, ഗ്യാസ്, മണ്ണെണ്ണ എന്നിവയ്ക്ക് കേന്ദ്ര സർക്കാർ കൊടുത്തുകൊണ്ടിരിക്കുന്ന സബ്സിഡി നിലനിൽക്കുകയാണ്.

സംസ്ഥാനത്തെ ക്രമസമാധാന നില പാടെ തകർന്നു. ഭീകരവാദികൾ സ്വൈരവിഹാരം നടത്തുന്ന സ്ഥിതിവിശേഷം സംജാതമായിരിക്കുകയാണ്. തിരുവനന്തപുരം എയർപോർട്ടിൽ ഉദ്യോഗസ്ഥനെ മർദ്ദിച്ച സംഭവത്തിലെ പ്രതിയെ പെറ്റി കേസ് ചാർജ്ജ് ചെയ്ത് വിട്ടയച്ചത് നിർഭാഗ്യകരമാണ്. കുമരകം പോലീസ് സ്റ്റേഷൻ ആക്രമണം പോലുള്ള സംഭവങ്ങൾ ആവർത്തിക്കാതിരിക്കാൻ നടപടി സ്വീകരിക്കണം. യു.ഡി.എഫ്. ഭരണകാലത്ത് നിയമന നിരോധനമുണ്ടായതായി സർക്കാർ തെറ്റായ പ്രചരണം നടത്തുകയാണ്. മുൻ എൽ.ഡി.എഫ് ഗവൺമെന്റിന്റെ കാലത്ത് 31-03-01 വരെ 110067 പേർക്ക് പി.എസ്.സി. വഴി നിയമനം കൊടുത്തെങ്കിൽ യു.ഡി. എഫ്. ഗവൺമെന്റ് 1-04-01 മുതൽ 31-03-06 വരെ 140624 പേർക്ക് നിയമനം നൽകി. ഏകദേശം മുപ്പതിനായിരം പേർക്ക് യു.ഡി.എഫ്. ഗവൺമെന്റ് അധികമായി ജോലി നൽകി. യു.ഡി.എഫ്. ഗവൺമെന്റിന്റെ അവസാന ഇരുപത് മാസത്തിനുള്ളിൽ 51975 പേർക്ക് തൊഴിൽ നൽകി. ഈ ഗവൺമെന്റ് ഇതുവരെ 61250 പേരെയാണ് നിയമിച്ചത്. നിയമന നിരോധനം ഇപ്പോഴും നിലനിൽക്കുന്നുണ്ട്. പരോക്ഷമായി ബി.ജെ.പി.യെ സഹായിക്കുന്ന സമീപനമാണ് ഇടതുപക്ഷ കക്ഷികൾ സ്വീകരിച്ചിരിക്കുന്നത്. ഇൻഡ്യയിൽ മതേതരത്വ ശക്തികൾ ജയിച്ചുവരുന്നതിനെ സ്വാഗതം ചെയ്യാൻ കോൺഗ്രസ് തയ്യാറാണ്.

സഭ വൈകുന്നേരം 4.41-ന് പിരിഞ്ഞു.

.............